# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

JANUARY - FEBRUARY 2024 No. 1 | 24



For Private Circulation Only

# CHRAISTHAVA VANITHA

*For Private Circulation Only*

Founder Editor

**Annamma Charles John**

(A Good News Educational Society Publication)

**This is a publication solely for the propagation of the Word of God and thus for the encouragement and edification of the people of God**

**Editorial Committee**

**Mrs.Mary Anchan, Mrs. Sherine Kingston, Mrs. Sobha Selin, Mr. George John**



**Articles for publication should be sent to: Mrs. Sherine Kingston, P.O. Box 2501, MCPO Trivandrum 695011 or by email to sherinekingston@gmail.com. Mob : +919087144349**


## ഉള്ളടക്കം


- ഹേ മരണമേ, നിന്റെ ജയമെവിടെ ?....... 1
- എന്നെ ചൊല്ലി കരയേണ്ട....... 4
- ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ....... 7
- പ്രതിസന്ധികൾ വിശ്വാസത്തിന്റെ പരിശോധന....... 10
- രൂത്ത്....... 13
- ദൈവകൃപ ലഭിച്ച മറിയ....... 17
- ഉൾക്കാഴ്ചയും പ്രതികരണവും....... 19
- തിരുത്തിവായിക്കേണ്ട വേദഭാഗങ്ങളിൽ ചിലത് ....... 21
- മനുഷ്യന്റെ ഗർവ്വം....... 23
- പ്രശ്നപരിഹാരം അസാദ്ധ്യമല്ല....... 26
- സൈപ്രസ് ജയിലിൽ....... 31
- Quest -93....... 36

ആമുഖം

# ഹേ മരണമേ, നിന്റെ ജയമെവിടെ ?

മാനവജാതിയുടെ ഏറ്റവും വലിയ ശത്രു മരണമാണ്. മരണത്തിൽ നിന്നും അല്പകാലത്തേക്കെങ്കിലും വിടുതൽ ലഭിക്കുവാൻ തനിക്കുള്ള സകലതും ചെലവഴിക്കാൻ അവൻ സന്നദ്ധനാണ്. ആധുനിക വൈദ്യശാസ്ത്രത്തിൽ പരിമിതിയില്ലാത്ത ഗവേഷണങ്ങളും, കണ്ടുപിടുത്തങ്ങളും അരങ്ങേറുന്നു. അപകടസംഭവത്തിൽ മസ്തിഷ്കം പ്രവർത്തനരഹിതമായി മരണമടയുന്നവരുടെ ഹൃദയം, വൃക്ക, കരൾ മുതലായ അവയവങ്ങൾ മറ്റുരോഗികളിലേക്കു മാറ്റി വയ്ക്കുന്ന (transplant) സമ്പ്രദായം ദൈനംദിനം അധികരിച്ചുകൊണ്ടിരിക്കുന്നു. മേല്പറഞ്ഞ രീതിയിൽ നിമിഷനേരത്തിനുള്ളിൽ മരണം സംഭവിക്കുന്നവരുടെ ഹൃദയം കുറേ സമയത്തേക്ക് പ്രവർത്തിച്ചു കൊണ്ടിരിക്കും. കഴിഞ്ഞ ഇടയ്ക്ക് ബാംഗളൂരിലെ ഒരു ആസ്പത്രിയിൽ മസ്തിഷ്കത്തിനു മരണം സംഭവിച്ച ഒരാളിന്റെ മിടിക്കുന്ന ഹൃദയം മദ്രാസിലെത്തിച്ച് അവിടെ പുതിയ ഹൃദയത്തിനായി കാത്തുകിടന്ന രോഗിക്കു നല്കി വിജയപ്രദമായി ശസ്ത്രക്രിയ നടത്തിയ സംഭവം അതിപ്രധാനമായ വാർത്ത ആയിരുന്നു. ഒന്നിലധികം ഹൃദയങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ മദ്രാസിലെത്തിച്ചതായും വാർത്തകൾ കേൾക്കാനിടയായി. എന്നാൽ മനുഷ്യൻ ഒരിക്കൽ മരിച്ചേ തീരൂ. അതു ദൈവത്തിന്റെ വിധിയാണ്.

ആദിമനുഷ്യനായ ആദാമും ഭാര്യ ഹവ്വയും പാപം ചെയ്ത് തങ്ങളുടെ നിഷ്പാപാവസ്ഥ നശിച്ച്, സ്രഷ്ടാവായ ദൈവവുമായുണ്ടായിരുന്ന നിരന്തരസംസർഗ്ഗം ഇല്ലാതായി; പാപത്തിന്റെ ശമ്പളമായ മരണത്തിനു അധീനരായിത്തീർന്നു. പാപത്തിന്റെ ശമ്പളം മരണമത്രെ– റോമ. 6:23. “ജീവവൃക്ഷത്തിന്റെ ഫലംകൂടെ പറിച്ചുതിന്ന് എന്നേക്കും ജീവിപ്പാൻ സംഗതിവരാതിരിക്കേണ്ടതിന്” ദൈവം അവരെ ഏദെൻതോട്ടത്തിൽ നിന്നും ബഹിഷ്ക്കരിച്ചു. അങ്ങനെ മനുഷ്യന്റെമേൽ മരണം എന്ന വിധിയുണ്ടായി. അധിക കാലതാമസമെന്യേ അടുത്ത തലമുറയിൽത്തന്നെ മരണത്തെ അഭിമുഖീകരിച്ചു. ഇളയ മകനായ ഹാബേൽ സഹോദരനായ കയീനാൽ കൊല്ലപ്പെട്ടു. അന്ന് ലോകത്തിൽ മരണം പ്രവേശിച്ചു.

എന്നാൽ, കാരുണ്യവാനായ ദൈവം മരണം എന്ന ശിക്ഷാവിധിയോടൊപ്പം തന്നെ മനുഷ്യന് നിത്യജീവൻ പ്രാപിക്കാനുള്ള മാർഗ്ഗവും ഉത്പ. 3:15–ൽ പ്രസ്താവിച്ചിരിക്കുന്നു. പാപിയായ മനുഷ്യന്റെ ദൈവസംസർഗ്ഗം പുനഃസ്ഥാപിക്കേണ്ടതിനായും, പാപത്തിന്റെ ശിക്ഷ ഏറ്റെടുക്കേണ്ടതിനുമായി ദൈവം തന്റെ ഏകജാതനായ പുത്രനെ ലോകത്തിലേക്കു അയയ്ക്കുവാൻ നിശ്ചയിച്ചു. കാലസമ്പൂർണ്ണതയിൽ ദൈവ

പുത്രനായ യേശു ലോകത്തിൽ അവതീർണ്ണനായി മനുഷ്യനായി, മനുഷ്യരുടെ ഇടയിൽ ജീവിച്ചു. പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവൻ, പാപിയായ മനുഷ്യന്റെ ശിക്ഷ തന്മേൽ വഹിച്ചു. യെഹൂദന്മാർ അവനെ നശിപ്പിക്കുവാൻ ഗൂഢാലോചന ചെയ്തു. സ്വശിഷ്യനായിരുന്ന യൂദാ തന്നെ ഒറ്റിക്കൊടുത്തു. യഹൂദമത മേധാവികളും പട്ടാളവും അവനെ അറസ്റ്റുചെയ്ത് മഹാപുരോഹിതന്റെ മുമ്പാകെ കൊണ്ടുവന്നു. ലോകചരിത്രത്തിൽ സംഭവിച്ചിട്ടില്ലാത്ത രീതിയിലുള്ള വിചാരണയാണു നടന്നത്. ഒരു രാത്രി മുതൽ പിറ്റേന്നു കാലത്തുവരെ പന്ത്രണ്ടു മണിക്കൂറിൽ കുറയാത്ത സമയം മഹാപുരോഹിതൻ, സന്നിദ്രിം സംഘം (യെരുശലേമിലെ പുരാതന യെഹൂദന്മാരുടെ പരമാധികാര വൈദിക നിയമ കൗൺസിൽ), ഹെരോദാരാജാവ്, റോമാ ഗവർണ്ണർ പീലാത്തോസ് എന്നിവരുടെയെല്ലാം വിചാരണയിൽ യേശുവിന്റെമേൽ ഒരു കുറ്റവും കാണ്മാൻ കഴിഞ്ഞില്ല. “ഇവനിൽ ഒരു കുറ്റവും ഞാൻ കാണുന്നില്ല” എന്നു വീണ്ടും വീണ്ടും പ്രസ്താവിച്ച പീലാത്തോസ് യെഹൂദന്മാരുടെ പ്രീതിക്കുവേണ്ടി യേശുവിനെ ക്രൂശിപ്പാൻ വിട്ടുകൊടുത്തു. ലോകചരിത്രത്തിൽ സംഭവിച്ചിട്ടില്ലാത്ത ഒരു വിചാരണയും, വിധിയുടെ തീർപ്പും. മൃഗീയവും പൈശാചികവുമായ മർദ്ദനങ്ങൾക്കു യേശുവിനെ വിധേയനാക്കിയ പീലാത്തോസിന്റെ അന്ത്യം ശോചനീയമായിരുന്നു എന്നു ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു.

യേശുവിന്റെ ഹീനവും അതിനികൃഷ്ടവുമായിരുന്ന ക്രൂശുമരണത്തോടെ യഹൂദന്മാരുടെ രാജാവ് എന്നു പ്രഖ്യാപിച്ച യേശുവിന്റെയും, ശിഷ്യഗണത്തിന്റെയും അന്ത്യംകുറിച്ചുവെന്ന് ശത്രുക്കൾ സമാശ്വസിച്ചു. അരിമത്യയിലെ യോസേഫിന്റെ കല്ലറയ്ക്കുള്ളിൽ സകലതും സമാപിച്ചുവെന്ന് അവർ വിശ്വസിച്ചു. അവർ, യേശുവിനെ ക്രൂശിക്കാനുള്ള ഉപാധിയായിരുന്നെങ്കിലും, ലോകത്തിന്റെ പാപച്ചുമടു വഹിച്ചുകൊണ്ട് തന്റെ ജീവനെ നല്കുവാനായി ലോകത്തിലേക്കു വന്ന ദൈവപുത്രനെ അവർ അറിഞ്ഞില്ല. തനിക്കു ജീവനെ കൊടുപ്പാനും, എടുപ്പാനും കഴിവുണ്ട് എന്ന് ശിഷ്യന്മാരോടു കർത്താവുതന്നെ അരുളിച്ചെയ്തിരുന്നു.

ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ (മൂന്നാം ദിവസം) മഗ്ദലക്കാരത്തി മറിയയും, യാക്കോബിന്റെ അമ്മ മറിയയും, യാക്കോബ്-യോഹന്നാൻ സഹോദരന്മാരുടെ മാതാവ് ശലോമയും യേശുവിന്റെ ശരീരം സുഗന്ധവർഗ്ഗം പൂശാൻ കല്ലറയ്ക്കൽ വന്നപ്പോൾ ഒഴിഞ്ഞ കല്ലറയാണ് ദർശിച്ചത്. അവിടെയിരുന്ന ദൈവദൂതൻ സ്ത്രീകളോട്, “ക്രൂശിക്കപ്പെട്ട നസറായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു. അവൻ ഉയിർ

ത്തെഴുന്നേറ്റു (He is risen), അവൻ ഇവിടെ ഇല്ല" എന്നു പ്രസ്താവിച്ചു. ലോകം ശ്രവിച്ചിട്ടുള്ളതിലേക്കും ഏറ്റവും ശ്രേഷ്ഠമായ വാർത്ത! യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ് കല്ലറവിട്ടു പോയിരിക്കുന്നു! മരണത്തെയും, പാതാളത്തെയും, സാത്താനെയും സൈന്യത്തെയും ജയിച്ച് വിജയശ്രീലാളിതനായ കർത്താവിന്റെ പുനരുത്ഥാനമാണ് ഒരു ക്രിസ്ത്യാനിയുടെ വിശ്വാസത്തിന്റെ അടിസ്ഥാനം (The resurrection of Jesus Christ is the primary truth of the Christian faith). "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും." യേശു ബേഥാന്യയിലെ മാർത്തയ്ക്കു നല്കിയ സന്ദേശം.

പുനരുത്ഥാനശേഷം 12 പ്രാവശ്യം തന്റെ ശിഷ്യർക്കു- വ്യക്തികൾക്കും കൂട്ടങ്ങൾക്കും- പ്രത്യക്ഷപ്പെട്ട യേശുകർത്താവ് സ്വർഗ്ഗാരോഹണവേളയിൽ, തന്നിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കുന്ന തന്റെ ജനത്തെ ചേർത്തുകൊൾവാൻ വീണ്ടും വരുമെന്ന് വാഗ്ദത്തം ചെയ്തു. വിശ്വാസികളുടെ പ്രത്യാശ ഇതാണ്, "ഞാൻ ജീവിക്കുന്നതു കൊണ്ട് നിങ്ങളും ജീവിക്കും" കർത്താവു മൊഴിഞ്ഞു (യോഹ. 14:19). ജീവിക്കുന്ന ക്രിസ്തുവിനെയാണു നാം ആരാധിക്കുന്നത്. സമൂഹത്തിനും, രാജ്യത്തിനും, മതത്തിനും, രാഷ്ട്രത്തിനും വേണ്ടി മരിച്ചവർ സംഖ്യാതീതം. എന്നാൽ മരിച്ചവരിൽ ഉയിർത്തെഴുന്നേറ്റവൻ ഒരുവൻ മാത്രം.

"ഉലക മഹാന്മാരഖിലരുമൊരുപോൽ
ഉറങ്ങുന്നു കല്ലറയിൽ- നമ്മൾ
ഉന്നതനേശു മഹേശ്വരൻ മാത്രം
ഉയരത്തിൽ വാണിടുന്നു." (M.E.C.)

ഇതുവരെയും രക്ഷയുടെ അനുഭവത്തിലേക്കു വന്നിട്ടില്ലാത്ത ആരെങ്കിലും ഈ ലേഖനം വായിക്കുന്നുണ്ടെങ്കിൽ, മരണത്തെയും, പാതാളത്തെയും ജയിച്ച് നമുക്ക് രക്ഷ ദാനമായി നല്കുന്ന ഈ യേശുക്രിസ്തുവിൽ നിങ്ങൾ വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. "ഒരിക്കൽ മരിക്കയും, പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു." അതിനാൽ കർത്താവിൽ വിശ്വസിച്ച് പാപപരിഹാരനിശ്ചയം വരുത്തി നിത്യജീവന് അവകാശികൾ ആകുവാൻ ദൈവം സഹായിക്കട്ടെ.

"ഹേ മരണമേ, നിന്റെ ജയം എവിടെ?
ഹേ മരണമേ, നിന്റെ വിഷമുള്ളു എവിടെ?"

നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിനു സ്തോത്രം.

**മേരി അഞ്ചൻ, തുംകൂർ**

# എന്നെ ചൊല്ലി കരയേണ്ട

സർവ്വ ലോകത്തിന്റെയും പാപം ചുമന്നൊഴിപ്പാൻ ദൈവത്തിന്റെ കുഞ്ഞാടായ് ഭൂമിയിൽ വന്ന യേശുക്രിസ്തു, കാൽവരി ക്രൂശിൽ കാൽ കരങ്ങൾ കാരിരുമ്പാണികളാൽ ബന്ധിതനായി വേദനയേറ്റു പിടയുമ്പോഴും, തന്നെ ചൊല്ലി മുറയിടുന്ന യെരുശലേം പുത്രിമാരെ നോക്കി 'എന്നെ ചൊല്ലി കരയേണ്ട നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ' എന്ന ലോകരക്ഷിതാവിന്റെ വേദനയോടെയുള്ള വാക്കുകൾ എത്ര അന്വർത്ഥമായിരുന്നു എന്ന് കാലം തെളിയിച്ചു കൊണ്ടിരിക്കുന്നു. ചരിത്രം പരിശോധിക്കുകയാണെങ്കിൽ ദൈവത്തിന്റെ സ്വന്തം ജനം എന്ന് അവകാശപ്പെടുന്ന യഹൂദജനം അനുഭവിച്ചതും അനുഭവിച്ചു കൊണ്ടിരിക്കുന്നതുമായ കഷ്ടങ്ങൾ ഈ ലോകത്ത് മറ്റൊരു ജാതിയും അനുഭവിച്ചിട്ടുണ്ടാവില്ല. ഇന്നും അതിന് യാതൊരു കുറവുമില്ല യുദ്ധം ഒഴിഞ്ഞു നില്ക്കുന്ന സമയം അവിടെ വിരളമാണ്. ഇപ്പോഴും ഇസ്രായേലിൽ നിന്ന് നാം കേട്ടുകൊണ്ടിരിക്കുന്ന വാർത്തകൾ എത്ര ഭയാനകമാണ്. എന്തുകൊണ്ട് ദൈവത്തിന്റെ സ്വന്തം ജനത്തിന് ഇങ്ങനെയെല്ലാം സംഭവിക്കുന്നു എന്ന് നാം ആശ്ചര്യപ്പെട്ടു പോകാം. എന്നാൽ ദൈവത്തിന്റെ അരുളപ്പാടുകൾ എല്ലാം നിവൃത്തി ആകതന്നെ ചെയ്യും. 2023 വർഷങ്ങൾക്ക് പിമ്പിലേക്ക് നാം തിരിഞ്ഞു നോക്കിയാൽ ചരിത്രത്തിന്റെ താളുകളിൽ ഇതിനുത്തരം ഉണ്ട്. മഹാപുരോഹിതന്മാരും മൂപ്പന്മാരും ജനവും കുറ്റക്കാരൻ എന്ന് വിധിച്ച് യേശു കർത്താവിനെ നീതിപീഠത്തിന്റെ മുന്നിൽ നിർത്തിയപ്പോൾ യേശുവിന്റെ മേൽ ആരോപിച്ച കുറ്റങ്ങളെല്ലാം കേട്ടശേഷം ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും കാണുന്നില്ല എന്ന് ഹെരോദവു പ്രഖ്യാപിക്കുകയും യേശുവിനെ പീലാത്തോസിന്റെ അടുക്കലേക്ക് തന്നെ തിരിച്ചയയ്ക്കുകയും ചെയ്തു. പീലാത്തോസും നിങ്ങൾ ചുമത്തിയ കുറ്റമൊന്നും ഇവനിൽ കണ്ടില്ല എന്ന് പറയുക മാത്രമല്ല ഇവൻ മരണയോഗ്യമായത് ഒന്നും പ്രവർത്തിച്ചിട്ടില്ല എന്ന് മൂന്നു പ്രാവശ്യം പ്രഖ്യാപിച്ചു.

എന്നാൽ അവനെ ക്രൂശിക്ക, ക്രൂശിക്ക എന്ന ജനത്തിന്റെ ആരവം അത്യധികമായപ്പോൾ പീലാത്തോസ് വെള്ളം എടുത്ത് കൈ കഴുകി ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് കുറ്റം ഇല്ല നിങ്ങൾതന്നെ നോക്കികൊൾക. 'അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ

മേലും വരട്ടെ എന്ന് ജനം ഒക്കെയും ഉത്തരം പറഞ്ഞു' (മത്തായി 27:25)

യേശുവിനെ ക്രൂശിക്കാൻ ഏൽപ്പിച്ചു. ഈ വാക്കുകൾ കർത്താവിന്റെ ചെവിയിൽ മുഴങ്ങി. വരാൻ പോകുന്ന തലമുറ കടന്നുപോകാൻ ഇരിക്കുന്ന കൊടിയ പീഡകളെ തന്റെ സർവ്വജ്ഞാനത്താൽ കർത്താവ് ദർശിച്ചു. കർത്താവിന്റെ ക്രൂശീകരണവേളയിൽ അവനെ ചൊല്ലി വിലപിച്ചു മുറയിടുന്ന സ്ത്രീകളെ നോക്കി യെരുശലേം പുത്രിമാരെ എന്നെ ചൊല്ലി കരയേണ്ട നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ എന്നു അരുളിച്ചെയ്തു. അന്നു മുതൽ ആരംഭിച്ച പീഡനത്തിന്റെയും വേദനയുടെയും കരച്ചിൽ ഇന്നുവരെയും തുടർന്നുകൊണ്ടേയിരിക്കുന്നു. "എന്റെ വായിൽനിന്നു പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും; അതു വെറുതെ എന്റെ അടുക്കലേക്കു മടങ്ങിവരാതെ എനിക്കു ഇഷ്ടമുള്ളതു നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും" (യെശയ്യ 55:11).

കർത്താവ് ഭൂമിയിൽ ആയിരുന്നപ്പോൾ നിന്റെ വരവിനും ലോകാവസാനത്തിനും ഉള്ള അടയാളം എന്ത് എന്ന് പറഞ്ഞു തരേണം എന്ന് ശിഷ്യന്മാർ അപേക്ഷിച്ചു. അപ്പോൾ കർത്താവ് പറഞ്ഞ അടയാളങ്ങളിൽ ഒന്നായിരുന്നു. "ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ വലിയ കഷ്ടം അന്ന് ഉണ്ടാകും" മത്തായി 24:21. മണവാളനാം സഭാകാന്തൻ മണവാട്ടി സഭയെ ചേർക്കാൻ വരുന്ന കാലം അതിവിദൂരമല്ല

എതിർക്രിസ്തുവിന്റെ ഭരണത്തിൽ ജനം അനുഭവിക്കാനിരിക്കുന്ന കഷ്ടങ്ങൾ അതിഭയാനകമായിരിക്കും. "അന്നാളിൽ ഞാൻ യെരുശലേമിനെ സകല ജാതികൾക്കും ഭാരമുള്ള കല്ലാക്കിവയ്ക്കും; അതിനെ ചുമക്കുന്നവരൊക്കെയും കഠിനമായി മുറിവേല്ക്കും; ഭൂമിയിലെ സകല ജാതികളും അതിനു വിരോധമായി കൂടി വരും" (സെഖര്യ 12:3). തങ്ങൾ കുത്തിയിട്ടുള്ളവങ്കലേക്ക് അവർ നോക്കും; ഏകജാതനെക്കുറിച്ച് വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ച് വിലപിക്കും. ദേശം കുലം കുലമായി വെവ്വേറെ വിലപിക്കും. 'അവരുടെ സ്ത്രീജനം പ്രത്യേകവും; വിലപിക്കും' (സെഖര്യ 12:12)എന്നും അവിടെ കാണുന്നു. കർത്താവ് ക്രൂശിൽ കിടന്നു പറഞ്ഞ തിരുമൊഴികൾ എത്ര സത്യമായി സംഭവിച്ചുകൊണ്ടിരിക്കുന്നു.

പ്രിയ ദൈവമക്കളെ പുതിയനിയമത്തിൽ പൗലൊസ് അപ്പൊസ്തലൻ തിമൊഥെയൊസിന്നു എഴുതിയ രണ്ടാം ലേഖനത്തിൽ അന്ത്യകാല സംഭവങ്ങളെക്കുറിച്ച് വിവരിക്കുമ്പോൾ ദുർഘട സമയങ്ങൾ

വരും എന്നും മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദോഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യം ഇല്ലാത്ത വരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദോഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി തൃജിക്കുന്നവരും ആയിരിക്കുന്നു എന്നുകാണാം. ഈ തലമുറയെ നാം പരിശോധിക്കുമ്പോൾ ഈ വചനങ്ങൾ എത്രയോ സത്യമായി നിറവേറിക്കൊണ്ടിരിക്കുന്നു. ജനിച്ചു വീഴുന്ന കുഞ്ഞുങ്ങൾ മുതൽ മരണക്കിടക്കയിൽ കിടക്കുന്ന വയോധികർ വരെ സ്വസ്നേഹികൾ ആയിരിക്കുന്നു. അമ്മയപ്പന്മാരെ അനുസരിക്കാത്ത ഇങ്ങനെയുള്ള ഒരു തലമുറ ഈ കാലത്തോളം ഇത്ര ഭയാനകമായ രീതിയിൽ ഉണ്ടായിട്ടില്ല. മക്കൾ അഹങ്കാരികളും ധാർഷ്ട്യക്കാരും നന്ദി കെട്ടവരും ആയിരിക്കുന്നു. മാതാപിതാക്കളെ സ്നേഹിക്കുവാനും അവരെ കരുതുവാനും മനസ്സില്ലാത്ത ഒരു തലമുറയായി മാറിക്കഴിഞ്ഞു. ദൈവത്തിന്റെ വചനം ഒരു വള്ളിക്കും പുള്ളിക്കും വ്യത്യാസം ഇല്ല എന്ന് തിരുവെഴുത്തുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

പ്രിയ ദൈവജനമേ നമുക്ക് കുഞ്ഞുങ്ങളെ ഓർത്ത് ദൈവ മുമ്പാകെ കരയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കർത്താവ് അന്നു പറഞ്ഞ ആ വാക്കുകൾ നമുക്ക് അനുസരിക്കാം നമ്മുടെ മക്കളെ ഓർത്ത് നമുക്ക് കരയാം. മക്കൾ ദൈവവഴി വിട്ടു പോയാൽ നാം അവരെ ഓർത്ത് കരയേണ്ടി വരും. എന്നാൽ അന്ധകാര ശക്തി അവരെ വിഴുങ്ങിക്കളയാ തിരിക്കാൻ അവർ എവിടെയായിരുന്നാലും ഈ ലോകത്തോട് അനു രൂപപ്പെടാതെ ദൈവഹിതം തിരിച്ചറിഞ്ഞ് ദൈവകരങ്ങളിൽ സമർപ്പി ക്കപ്പെട്ട ജീവിതം നയിക്കേണ്ടതിന് രാവും പകലും അവരെ സമർ പ്പിച്ച് ദൈവത്തിന്റെ സന്നിധിയിൽ കണ്ണുനീരോടെ പ്രാർത്ഥിക്കേണ്ട ആവശ്യം നമുക്കുണ്ട്. 2023 വർഷങ്ങൾക്കു മുമ്പ് ഗോൽഗോഥാ മലമുകളിൽ കാൽകരങ്ങൾ ബന്ധിതനായി കിടക്കുമ്പോൾ കർത്താവ് നമ്മോട് അരുളിച്ചെയ്ത ആ തിരുമൊഴികൾ എപ്പോഴും നമ്മുടെ കാതു കളിൽ മുഴങ്ങട്ടെ. നിങ്ങൾ 'എന്നെ ചൊല്ലി കരയേണ്ട നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ'. നാം പരദേശിയായി പാർ ക്കുന്ന വീട്ടിൽ അവന്റെ ചട്ടങ്ങൾ എനിക്കു പ്രമോദം ആകുന്നു. സങ്കീർ ത്തനക്കാരനോടു ചേർന്ന് നമുക്കും പറയാം. കർത്താവിന്റെ പരിശുദ്ധ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.

**മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ**

# ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ

ലോത്തിന്റെ ഭാര്യയുടെ പേര് എന്തായിരുന്നുവെന്നോ, അവൾ എവിടുത്തുകാരിയായിരുന്നുവെന്നോ വിശുദ്ധവേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അബ്രാഹാമിന്റെ സഹോദരനായ ഹാരാന്റെ മകൻ ലോത്ത്, അബ്രാഹാമിന്റെയും ഭാര്യയായ സാറായുടെയും ഒപ്പം ഹാരാനിൽ നിന്നും കനാൻദേശത്തേക്ക് പ്രയാണം ചെയ്തപ്പോൾ ലോത്ത് വിവാഹിതനായിരുന്നതായി യാതൊരു സൂചനയുമില്ല. തുടർന്നുള്ള യാത്രകളിലും, ബേഥേലിനും ഹായിക്കും ഇടയ്ക്കുള്ള സമഭൂമിയിൽവച്ച് തമ്മിൽ വേർപിരിയുന്നതുവരെയും ലോത്ത് വിവാഹം കഴിച്ചതായി നാം വായിക്കുന്നില്ല. എന്നാൽ അവരുടെ വേർപിരിയലിനു ശേഷം ലോത്ത് കിഴക്കോട്ട് കൂടാരം മാറ്റിമാറ്റി അടിച്ച് ഒടുവിൽ സോദോം എന്ന പട്ടണത്തിൽ ചെന്നെത്തിയതായി കാണുന്നു. ഇതിനോടകം വളരെ സമ്പന്നനായിത്തീർന്ന ലോത്ത് സോദോം പട്ടണത്തിൽ സ്ഥിരതാമസമുറപ്പിക്കയും ഒരു കുടുംബജീവിതത്തിൽ പ്രവേശിക്കയും ചെയ്തതായി കരുതാം.

സോദോം ഒരു കനാന്യ പട്ടണമായിരുന്നു. അത് സ്ഥിതിചെയ് തിരുന്നത് ഇന്ന് സിറിയ എന്നറിയപ്പെടുന്ന രാജ്യത്തിലായിരുന്നു. സോദോമിനു ചുറ്റുമുള്ള ഭൂപ്രദേശം വളരെ ഫലഭൂയിഷ്ടവും ആടുമാടുകളുടെ വലിയ കൂട്ടങ്ങളെ വളർത്തുന്നതിന് തികച്ചും അനുയോജ്യവുമായിരുന്നു. ജാതീയമായ ആചാരമര്യാദകളിലേർപ്പെട്ടും സമ്പൽസമൃദ്ധിയിൽ അഹങ്കരിച്ചും ജീവിച്ചിരുന്ന സോദോമ്യർ ഭൂരിപക്ഷവും ധാർമ്മികബോധം തൊട്ടുതേച്ചിട്ടില്ലാത്തവരും ജഡികമായ അഭിലാഷങ്ങൾക്ക് തികച്ചും വശംവദരുമായ ഒരു ജനാവലി യായിരുന്നു. അബ്രാഹാമിന്റെയും ലോത്തിന്റെയും ഇടയന്മാർ തമ്മിലു ണ്ടായ സ്വരചേർച്ചയില്ലായ്മമൂലം അബ്രാഹാമുമായി വേർപിരിഞ്ഞ് യോർദ്ദാൻ സമഭൂമിയിലെ ‘നീരോട്ടമുള്ള’ പ്രദേശങ്ങളാൽ ആകൃഷ്ട നായി ഒടുവിൽ സോദോം പട്ടണത്തിലെത്തിപ്പെട്ട “നീതിമാനായ ലോത്ത്” സാമ്പത്തികമായ വലിയ നേട്ടങ്ങൾക്ക് ഉടമയായെങ്കിലും “അധർമ്മികളുടെ ഇടയിൽ വസിച്ചിരിക്കുമ്പോൾ നാൾതോറും അധർമ്മ പ്രവൃത്തി കണ്ടും കേട്ടും തന്റെ നീതിയുള്ള മനസ്സിൽ നൊന്ത് അവരുടെ ദുഷ്കാമപ്രവൃത്തിയാൽ വലഞ്ഞ” (2 പത്രൊ. 2:7-8) അവസ്ഥയിലായി രുന്നെന്ന് നാം വായിക്കുന്നു.

ലോത്തിന്റെ വിവാഹത്തെക്കുറിച്ചോ ഭാര്യയുടെ കുടുംബ പാരമ്പര്യത്തെക്കുറിച്ചോ സൂചനകളൊന്നുമില്ലാത്തതിനാൽ, സോദോം പട്ടണത്തിൽ താമസമുറപ്പിച്ചതിനുശേഷം ലോത്ത് ആ പട്ടണത്തിൽ നിന്നുള്ള ഒരു കനാന്യ സ്ത്രീയെ വിവാഹം കഴിച്ചിരിക്കാം എന്ന് കരുതാവുന്നതാണ്. മക്കൾ ജനിച്ച് വളർന്ന് വിവാഹപ്രായമാകുന്നതുവരെയുള്ള സുദീർഘമായ കാലഘട്ടം ലോത്തും കുടുംബവും സോദോമിൽ തന്നെയാണ് കഴിഞ്ഞുകൂടിയിരുന്നതെന്ന് അനുമാനിക്കാം. ലോത്തിന് അവിടെ ഒരു വീടുണ്ടായിരുന്നതായി നാം വായിക്കുന്നു. തന്നെക്കാൾ ധനികനും പ്രായത്തിൽ മുതിർന്നവനുമായ അബ്രാഹാം മമ്രേയുടെ തോപ്പിൽ കൂടാരവാസം ചെയ്യുമ്പോൾ അനന്തരവനായ ലോത്ത് പട്ടണത്തിൽ വീട് പണിയിച്ച് താമസിക്കുന്നതിന്റെ അനൗചിത്യത്തെക്കുറിച്ചുള്ള പരാമർശങ്ങൾ കേട്ടിട്ടുണ്ട്. എന്നാൽ വിവാഹപ്രായമെത്തിയ പെൺമക്കളുമായി അധാർമ്മികതത്വത്തിന്റെ വിളനിലമായ സോദോമിൽ താമസമുറപ്പിക്കേണ്ടിവന്ന ലോത്തിനും കുടുംബത്തിനും സുരക്ഷിതമായ ഒരു വീട് അനിവാര്യമായിരുന്നുവെന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല.

യോർദ്ദാൻ സമഭൂമി എന്നറിയപ്പെടുന്ന അതിഫലഭൂയിഷ്ഠമായ ഭൂപ്രദേശത്തിൽ സോദോമിനെ കൂടാതെ വേറെ നാലുപട്ടണങ്ങൾ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ഇവയിൽ സോവർ എന്ന ചെറിയ പട്ടണം ഒഴികെ ശേഷമുള്ളവ സോദോമിനോടുകൂടെ നശിക്കപ്പെട്ടതായി കരുതാം. സോദോമിനോടൊപ്പം വിശുദ്ധ വേദപുസ്തകത്തിൽ എടുത്തു പറഞ്ഞിട്ടുള്ള മറ്റൊരു പട്ടണമാണ് ഗൊമോറ. എന്നാൽ പ്രധാനപട്ടണം സോദോം ആയിരുന്നുവെന്നതിൽ സംശയമില്ല.

ലോത്ത് ഒരു ധനാഢ്യനായിരുന്നതിനാലും സോദോമിൽ ദീർഘകാലമായി വസിച്ചിരുന്നതിനാലും പരക്കെ അറിയപ്പെടുന്ന ഒരു വ്യക്തിയായിരുന്നു. എന്നാൽ ഏതു സ്ഥലത്തായിരുന്നാലും അവിടെ വന്നു പാർക്കുന്നവരെക്കാളും അവിടെത്തന്നെ ജനിച്ചുവളർന്നവർക്ക് ഏതോ വലിയ മേന്മയുണ്ടെന്ന് അവർ അവകാശപ്പെടാറുണ്ട്. സോദോം പട്ടണത്തെ യഹോവ നശിപ്പിച്ചതിന്റെ തലേരാത്രിയിൽ ലോത്തിനെയും കുടുംബത്തെയും രക്ഷിക്കുന്നതിനുവേണ്ടി ലോത്തിന്റെ ആതിത്ഥ്യം സ്വീകരിച്ച ദൈവദൂതന്മാരോട് അതിനീചമായ രീതിയിൽ പെരുമാറുന്നതിനൊരുമ്പെട്ട സോദോം നിവാസികൾ തന്റെ അതിഥികളോട് അപമര്യാദ കാണിക്കരുതെന്ന് അപേക്ഷിച്ച ലോത്തിനെ “ഇവനൊരുത്തൻ പരദേശിയായി വന്നു പാർക്കുന്നു, (ഇപ്പോൾ) ന്യായം വിധിക്കാനും ഭാവിക്കുന്നു” എന്ന് പുച്ഛിച്ചു പുറം തള്ളുകയാണ് ചെയ്തത്. യഹോവ

സോദോമിനെ നശിപ്പിക്കാൻ പോകയാണെന്നും ഉടൻതന്നെ രക്ഷപ്പെട്ടു കൊള്ളണമെന്നും സോദോംകാരായ ഭാവി മരുമക്കളോടു ലോത്ത് അറിയിച്ചെങ്കിലും ഇതേ പുച്ഛരസമാണ് അവരിലും സ്ഫുരിച്ചത് എന്തിന്? ലോത്തിന്റെ കൂടെ അനേക വർഷക്കാലം താമസിച്ചവളും രണ്ട് പെൺമക്കളുടെ മാതാവുമായ സഹധർമ്മിണിപോലും ലോത്തിന്റെയോ ദൂതന്മാരുടെയോ വാക്കുകൾക്ക് അർഹിക്കുന്ന പ്രാധാന്യം നല്കിയില്ല. സുഖസൗകര്യങ്ങളോടുകൂടിയ തന്റെ ഭവനത്തെയും അനേക വർഷക്കാലത്തെ പരിശ്രമം കൊണ്ടു സമ്പാദിച്ച വസ്തുവകകളെയും ഒരു നിമിഷം കൊണ്ട് ഉപേക്ഷിച്ചിട്ട് അജ്ഞാതമായ ഏതോ പ്രദേശത്തേക്ക് ബദ്ധപ്പെട്ട് ഓടിപ്പോകാനുള്ള നിർദ്ദേശം അനുസരിക്കാനോ അതിന്റെ സാംഗത്യം മനസ്സിലാക്കാനോ അവൾക്കു സാധിച്ചില്ല. പ്രായപൂർത്തിയെത്തിയ പെൺമക്കൾക്കു തങ്ങളുടെ കമിതാക്കളെയും സോദോമിലെ സുഖസൗകര്യങ്ങളെയും ഉപേക്ഷിച്ച് എങ്ങോട്ടെന്നറിയാതെ ഓടിപ്പോകാൻ വളരെ വൈമനസ്യം ഉണ്ടായിരുന്നെങ്കിലും, തലേരാത്രിയിലെ ഞെട്ടിപ്പിക്കുന്ന സംഭവങ്ങളും, ദൈവദൂതന്മാരുടെ നിർബ്ബന്ധവും സോദോമിനെ ഉപേക്ഷിക്കുന്നതിന് അവർക്ക് പ്രേരകമായി ഭവിച്ചു. സോദോമിന്റെ ദഹനം ഏതു നിമിഷത്തിലും സംഭവിക്കാമെന്നിരിക്കേ, യഹോവയായ ദൈവം അബ്രാഹാമിനോട് ചെയ്ത വാഗ്ദത്തം അനുസരിച്ച് ലോത്തിന്റെ രക്ഷ അനിവാര്യമാകയാൽ ലോത്തിനെയും കുടുംബത്തെയും കൈക്കുപിടിച്ച വലിച്ചിറക്കിവിടാൻ പോലും ദൈവദൂതന്മാർ ഒരുമ്പെട്ടതായി കാണുന്നു.

എന്നാൽ അവസാനമായി തന്റെ സ്വപ്നഭവനത്തിൽ നിന്നും ഇങ്ങിനി വരാതവണ്ണം ഇറങ്ങിപ്പോകുമ്പോൾ താൻ എന്നെന്നേക്കുമായി ഉപേക്ഷിക്കാൻ നിർബ്ബന്ധിതമായ വസ്തുവകകളെക്കുറിച്ചും, സ്വർണ്ണാഭരണങ്ങൾ, വിലയേറിയ വസ്ത്രങ്ങൾ, അസുലഭമായ സുഗന്ധദ്രവ്യങ്ങൾ, മിസ്രയീമിൽ നിന്നുള്ള പരവതാനികൾ, ബാബിലോന്യ മേലങ്കികൾ മുതലായവയെക്കുറിച്ചും തന്റെ മനസ്സിൽ സംജാതമായ വികാരവിചാരങ്ങളുടെ വേലിയേറ്റം നിമിത്തം ഒരൊറ്റ നിമിഷത്തേക്ക് “തിരിഞ്ഞു നോക്കരുത്” എന്ന ദൈവകല്പന ലംഘിക്കാൻ ലോത്തിന്റെ ഭാര്യ പ്രേരിതയാകയും തൽക്ഷണം അവൾ ഒരു ഉപ്പുതൂണായി പരിണമിക്കുകയും ചെയ്തു.

സോദോം ഗോമോറ നഗരങ്ങൾക്ക് സംഭവിച്ച ദാരുണാന്ത്യം അന്ത്യകാല സംഭവങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു എന്ന യാഥാർത്ഥ്യം വിസ്മരിക്കാവുന്നതല്ല. കർത്താവായ യേശു തന്റെ ശിഷ്യഗണത്തിന് അന്ത്യകാലസംഭവങ്ങളെക്കുറിച്ച് നല്കിയ മുന്നറിയിപ്പുകളിലെ ചില

*ശേഷം പേജ് 20 കാണുക*

# പ്രതിസന്ധികൾ വിശ്വാസത്തിന്റെ പരിശോധന

അഞ്ചപ്പം കൊണ്ട് അയ്യായിരത്തിലധികം ജനങ്ങളെ തീറ്റി തൃപ്തരാക്കിയ ശേഷം യേശു ശിഷ്യന്മാരോട് പടകു കയറി അക്കരെയ്ക്കു പോകാൻ നിർബ്ബന്ധിച്ച ശേഷം താൻ തനിയെ പതിവുപോലെ മലയിൽ കയറി പ്രാർത്ഥിച്ച് പിതാവുമായുള്ള സംസർഗ്ഗത്തിൽ കഴിയുമ്പോഴും നോട്ടം പടകിലുള്ള തന്റെ ശിഷ്യന്മാരിലായിരുന്നു. രാത്രി നാലാം യാമത്തിൽ പടകു കടലിന്റെ ഏകദേശം മദ്ധ്യത്തിലെത്തിയപ്പോൾ ഇതാ വലിയ കാറ്റും, അടിച്ചുയരുന്ന തിരമാലകളും കൊണ്ട് പടകു അലഞ്ഞുലയുന്നു. ഇതിന്നു മുമ്പ് ഇതേ അനുഭവമുണ്ടായപ്പോൾ യേശു പടകിലുണ്ടായിരുന്നു. ഉറങ്ങുന്ന യേശുവിനെ ഉണർത്തി പരാതി പറഞ്ഞു കുറ്റം ചുമത്തിയപ്പോൾ യേശു കാറ്റിനേയും കടലിനേയും ശാസിച്ചമർത്തിയശേഷം ശിഷ്യന്മാരെ നോക്കി നിങ്ങൾ എന്തിനു ഭീരുക്കളാകുന്നു? വിശ്വാസമില്ലാത്തതെന്ത്?" എന്നു പറഞ്ഞു ശാസിച്ചത് അവർ ഓർത്തു ഇപ്പോൾ ഇതാ യേശുപടകിലില്ല. മലയിലാണ്. തങ്ങൾ നശിച്ചു പോകും എന്ന ഭയത്താൽ പരിഭ്രമിച്ചിരിക്കുമ്പോൾ അതാ കടലിന്റെ നടുവിൽ ഒരു രൂപം! അവർ യേശുവിനെ കുറ്റപ്പെടുത്തി പിറുപിറുത്തു കാണും. കാരണം യേശു നിർബ്ബന്ധിച്ചിട്ടാണല്ലോ അവർ പടകിൽ കയറി യാത്രതിരിച്ചത്. "ഭൂത"ത്തെ കണ്ടുപേടിച്ചു നിലവിളിച്ചു! പെട്ടെന്നൊരു ശബ്ദം! ധൈര്യപ്പെടുവിൻ ഞാനാകുന്നു പേടിക്കേണ്ട!" യേശുവിന്റെ ശബ്ദം അവർ തിരിച്ചറിഞ്ഞു. എന്തൊരു സന്തോഷം! എത്ര ആശ്വാസം! യേശു എന്തിനാണ് കടലിന്മേൽ നടന്നത്? ശിഷ്യന്മാർ യേശുവിനെ തിരിച്ചറിയാതെ 'ഭൂതം' എന്നു കരുതിയതെന്തുകൊണ്ട്? കടലും കരയും നിർമ്മിച്ച സർവ്വശക്തനാണ് തങ്ങളുടെ ഗുരു എന്നവർ അറിയണം. തിരമാലകൾ കേവലം തന്റെ ചവിട്ടുപടികൾ മാത്രമാകുന്നു. കാറ്റും തിരമാലകളുമെല്ലാം യേശുവിനെ അനുസരിക്കും എന്നു അവരറിഞ്ഞു. "നീ വെള്ളത്തിൽ കൂടെ കടക്കുമ്പോൾ ഞാൻ നിന്നോടുകൂടെ ഇരിക്കും. നീ നദിയിൽ കൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവിയുകയില്ല. നീ തീയിൽ കൂടെ നടന്നാൽ വെന്തു പോകയില്ല. അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയില്ല" (യെശ. 43:1-3) എന്ന വാഗ്ദത്തം അവർ അറിയണം. പ്രിയമുള്ളവരേ, പരിശോധനകളും, പ്രതിസന്ധികളുമാകുന്ന ഓളങ്ങളും തിരമാലകളും നമ്മുടെ ജീവിത പടകിനെ ആടി ഉലയ്ക്കുമ്പോൾ ഭയപ്പെടേണ്ടതില്ല. അവൻ നമ്മോടു കൂടെയുണ്ട്. അവിശ്വസിക്കാതെ വിശ്വസിക്ക. നമ്മുടെ കർത്താവു തക്ക സമയത്ത് വന്ന്

നമ്മെ സഹായിക്കും, വിടുവിക്കും, ഉദ്ധരിക്കും. വിശ്വാസത്തിന്റെ പരിശോധനകളാണവ എന്നോർത്ത് സ്തോത്രം ചെയ്താൽ മാത്രം മതി. ശിഷ്യന്മാർ എന്തുകൊണ്ടാണ് യേശുവിനെ തിരിച്ചറിയാഞ്ഞത്? അവർ യേശുവിനെ നോക്കിയില്ല. വിശ്വാസത്തോടെ നോക്കിയിരുന്നുവെങ്കിൽ അവർ യേശുവിനെ കാണുമായിരുന്നു. തിരിച്ചറിയുമായിരുന്നു. അവരുടെ ഭയവും പരിഭ്രമവും കൊണ്ട് അവിശ്വാസത്താൽ ഭൂതത്തെയാണ് അവർ കണ്ടത്. വിശ്വാസവും ഭയവും ഒന്നിച്ചു പോകയില്ല പ്രിയരേ. ഭയവും അവിശ്വാസവും നമ്മുടെ കണ്ണുകളെ കുരുടാക്കിക്കളയും എന്നോർക്കുക. ഈ കൊടുങ്കാറ്റിന്റെ പ്രധാന ഉദ്ദേശ്യം അവരുടെ വിശ്വാസം വർദ്ധിപ്പിക്കുക എന്നതായിരുന്നു.

യേശു ആണെന്നറിഞ്ഞപ്പോൾ പത്രൊസിനൊരു മോഹം! "കർത്താവേ നീ ആണെങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കൽ വരേണ്ടതിന് കല്പിക്കേണമേ" എന്നായി. 'വരിക' എന്ന കർത്താവിന്റെ ശബ്ദത്തിൽ പത്രൊസ് വെള്ളത്തിന്മീതെ നടന്നു. പക്ഷെ "അവൻ കാറ്റു കണ്ടു പേടിച്ചു മുങ്ങിത്തുടങ്ങി! പേടിച്ചു വിറച്ചുള്ള പത്രൊസിന്റെ വിളി "കർത്താവേ എന്നെ രക്ഷിക്കേണമേ" എന്ന നിലവിളി ഗലീല നാടു മുഴുവൻ കേട്ടുകാണും. എന്തായിരിക്കാം സംഭവിച്ചത്? താനും "വെള്ളത്തിന്മീതെ നടന്നല്ലോ" എന്ന ഭാവം പത്രൊസിനെ കാറ്റിലേക്കും, തിരമാലയിലേക്കും നോക്കാനിടയാക്കിയതല്ലേ? "വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിൽ നിന്നും നമ്മുടെ നോട്ടം മാറ്റിയാൽ നാം കാണുന്നത് "ഈ ലോകമാം വാരിധിയും അതിലെ മോഹങ്ങളും പ്രതിസന്ധികളും പരിശോധനകളുമായിരിക്കും എന്നോർക്കുക. പത്രൊസിന്റെ നോട്ടം മാറിയെങ്കിലും യേശുവിന്റെ നോട്ടം അവന്റെ മേലുണ്ടായിരുന്നു. പത്രൊസ് മുങ്ങി നശിക്കുവാൻ കർത്താവനുവദിക്കയില്ല. "യേശു ഉടനെ കൈനീട്ടി അവനെ പിടിച്ചു. ഇരുവരും ഒന്നിച്ചു വെള്ളത്തിന്മേൽ നടന്നപ്പോൾ യേശുവിന്റെ ശാസന "അല്പവിശ്വാസിയേ നീ എന്തിനു സംശയിച്ചു?" ആ ശാസനയിൽ പത്രൊസ് ലജ്ജിച്ചു ദുഃഖിച്ചു കാണും! എന്താണ് സംഭവിച്ചത്? പീറ്റർ -പത്രൊസ് ഉറച്ച വിശ്വാസത്തോടെ ആയിരുന്നു പടകിൽ നിന്നും ഇറങ്ങിയത്. എന്നാൽ "അല്പവിശ്വാസ"ത്തിലെത്തുകയായിരുന്നു. മുങ്ങിത്തുടങ്ങിയപ്പോൾ പത്രൊസ് രക്ഷയ്ക്കായി നിലവിളിച്ചു. മുങ്ങിത്താഴ്ന്നതിനു മുമ്പേ കർത്താവ് അവനെ താങ്ങി രക്ഷിച്ചു. യേശുവിന്റെ ബലമുള്ള വലങ്കൈ നമ്മെ നടത്തുവാൻ എപ്പോഴും കൂടെയുണ്ട് എന്നു വിശ്വസിക്കുക. ഈ സംഭവം ഓർത്തു കൊണ്ടായിരിക്കാം പത്രൊസ് തന്റെ ലേഖനത്തിൽ "കർത്താവിന്റെ കണ്ണു നീതിമാന്മാരുടെ മേലും, അവന്റെ ചെവി അവരുടെ പ്രാർത്ഥനയ്ക്കും തുറന്നിരിക്കുന്നു" (1 പത്രൊ. 3:12) എന്നെഴുതിയിരിക്കുന്നത്. ഈ ഒരനുഭവം പത്രൊ

സിനെ ക്രിസ്തുവിലുള്ള വിശ്വാസത്തിലും, സ്നേഹത്തിലും, ആശ്രയത്തിലും, കൃപയിലും വളരുവാൻ സഹായിച്ചു എന്നതിനു സംശയമില്ല.

പ്രിയമുള്ളവരേ, പ്രതിസന്ധികളും, പരിശോധനകളും അത്ര എളുപ്പമല്ല എന്നാൽ വിശ്വാസികളുടെ ജീവിതത്തിൽ അവ അനിവാര്യമാകുന്നു. അവ നമ്മുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുവാനും ദൈവത്തിൽ ആശ്രയിപ്പാനും, അവന്റെ കല്പനകളെ പ്രമാണിപ്പാനും, വാഗ്ദത്തങ്ങളിൽ വിശ്വസിച്ചാശ്രയിപ്പാനും നമ്മെ അഭ്യസിപ്പിക്കുന്നു എന്നോർക്കുക. "കാഴ്ചയാലെയല്ല, വിശ്വാസത്താലെ" ജീവിപ്പാനാണ് പിതാവായ ദൈവം തന്റെ മക്കളിൽ നിന്നും ആഗ്രഹിക്കുന്നത്. അത് അഭ്യസിക്കണമെങ്കിൽ പരിശോധനകളും, വേദനകളും, രോഗങ്ങളും, ദുഃഖങ്ങളുമൊക്കെ തരണം ചെയ്യേണ്ടിയിരിക്കുന്നു. ഏതു പ്രതിസന്ധികളിലും "വിശ്വാസത്തിന്റെ നായകനും, പൂർത്തിവരുത്തുന്നവനുമായ യേശുവിനെ മാത്രം നോക്കുക. അവന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിക്കുക. ഭയം വരുമ്പോൾ "ഭയപ്പെടേണ്ടാ" എന്ന വാക്കുകളിൽ ഭയം ഓടിപ്പോകട്ടെ! ദൈവത്തിനു നമ്മുടെ അവിശ്വാസമുള്ള ദുഷ്ടഹൃദയമല്ല 'പൂർണ്ണ വിശ്വാസ'മാണ് ആവശ്യം. കർത്താവും, പത്രൊസും കടലിൽ നിന്ന് കയറിയപ്പോൾ കാറ്റ് അമർന്നു പടകിലുള്ളവർ "നീ ദൈവപുത്രൻ സത്യം എന്നു പറഞ്ഞ് അവനെ നമസ്കരിച്ചു. നമ്മുടെ അഗ്നിശോധനകളിൽ നമ്മിൽ കാണുന്ന ഉറപ്പും ധൈര്യവും, വിശ്വാസവും മറ്റുള്ളവർ കണ്ട് "ഈ വിശ്വാസം ഞങ്ങൾക്കും വേണം" "ഈ ദൈവത്തെ ഞങ്ങൾക്കും വേണം" "ഈ ജീവിതമാണ് യഥാർത്ഥ ജീവിതം" എന്നു പറയാനിടയാകണം.

പ്രിയമുള്ളവരേ, നിങ്ങൾ കടുത്ത പരിശോധനകളിൽ കൂടെ കടന്നുപോകുന്നുവോ? ഭയപ്പെടേണ്ട, അവിശ്വസിക്കേണ്ടാ നിങ്ങൾ ക്രിസ്തുവിലാകുന്നുവെങ്കിൽ ഇത് വിശ്വാസത്തിന്റെ പരിശോധനയാകുന്നു എന്നറിഞ്ഞ് ദൈവത്തിനു മഹത്ത്വം കൊടുക്കുക. വിശ്വാസം വർദ്ധിക്കട്ടെ!

**എൽസി ബേബി, ന്യൂയോർക്ക്**

*"അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയതു എന്നു യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചെക്കും തേജസ്സിന്നും മാനത്തിന്നുമായി കാണ്മാൻ അങ്ങനെ ഇടവരും"*
*(1 പത്രൊസ് 1:7)*

# രൂത്ത്

എലീമേലെക്കിന്റെ പിന്മാറ്റവും കുടുംബത്തകർച്ചയും നൊവൊമിയുടെ മടങ്ങിപ്പോക്കും രൂത്തിന്റെ പറ്റിച്ചേരലും കഴിഞ്ഞ ലക്കത്തിൽ ചിന്തിച്ചുകഴിഞ്ഞു. ഇനിയും ഈ പുസ്തകത്തിലെ ചില അഭേദ്യബന്ധങ്ങളെക്കുറിച്ച്, തുടർന്ന് ചിന്തിക്കാം. അദ്ധ്യായം 1.

**1. കുടുംബബന്ധം. (Family)**

എലീമേലേക്കോ പുത്രന്മാർ ഇരുവരുമോ കുടുംബത്തിൽ അത്ര ദൃഢബന്ധം ഊട്ടി ഉറപ്പിച്ചിരുന്നതായി കാണുന്നില്ല. ഉണ്ടായിരുന്നെങ്കിൽ, ജീവിതയാത്രയിലെ പ്രതികൂലങ്ങളിൽ ഒരുമിച്ചുള്ള തീരുമാനങ്ങളിൽ, വരുംവരായ്കകളും ഭവിഷ്യത്തുകളും ദൈവഹിതത്തിനു ഏല്പിച്ച് തമ്മിൽ ആലോചിച്ച് നേരിടുമായിരുന്നു. ഒറ്റയാൻ തീരുമാനത്തിൽ എടുത്തുചാട്ടത്തോടെ കാര്യങ്ങൾ ചെയ്താൽ, അപകടവും കുടുംബത്തിന്റെ നാശത്തിനു കാരണമാകുമെന്നൊന്നും ചിന്തിച്ചില്ല, മിനക്കെട്ടില്ല. കൂട്ടാളിയോടാലോചിച്ച്, ദൈവത്തോടു ആലോചന ചോദിച്ചു മാത്രമേ തീരുമാനം എടുക്കുവാൻ പാടുള്ളായിരുന്നു. ഇവിടെ ദൈവത്തോടുള്ള പറ്റിച്ചേരലിന്റെയോ, ദൃഢവിശ്വാസത്തിന്റെയോ കുടുംബബന്ധത്തിന്റെ ആഴമോ കാണുന്നില്ല. പ്രതിസന്ധികൾ മാറി സ്വദേശത്തുതന്നെ തുടരുവാൻ ദൈവം വഴി തുറന്നേനേം. ഒറ്റയാൻ തീരുമാനങ്ങൾ കുടുംബത്തിന്റെ നാശത്തിനു മാത്രമേ വഴിതെളിക്കൂ എന്ന സത്യം നാം മനസ്സിലാക്കണം. ദൈവപൈതങ്ങളുടെ ജീവിതത്തിലും പ്രതികൂലങ്ങൾ വരും. നാം, ദൈവമക്കൾ, അതെങ്ങനെ തരണം ചെയ്യുമെന്നതാണ് പ്രധാനം. ദൈവം എല്ലാം നന്മയ്ക്കായിട്ടാണ് കൂടി വ്യാപരിപ്പിക്കുന്നത്! ദൈവത്തെ മുറുകെ പിടിച്ചു, നടത്തുന്ന വഴിയേ പോയാൽ തകർന്നടിഞ്ഞു പോകുവാൻ ദൈവം സമ്മതിക്കുകയില്ല.

**2. മക്കൾ മാതാപിതാക്കൾ ബന്ധം**

മാതാപിതാക്കൾ തമ്മിലുള്ള ബന്ധം ശരിയാണെങ്കിൽ മക്കളുമായുള്ള ബന്ധവും ശരിയായിരിക്കും. 'മുപ്പിരിച്ചരട് വേഗത്തിൽ അറ്റുപോകയില്ല'. മാതാപിതാക്കളും ദൈവവും ഒരുമിച്ചുള്ള ബന്ധത്തിൽ മുന്നേറുന്നതു കാണുമ്പോൾ മക്കളും ആ ആത്മീയ ബന്ധത്തിൽ കൊരുക്കപ്പെടും. ദൈവത്തിനു കുടുംബത്തിൽ പ്രഥമസ്ഥാനം ഉണ്ടായിരിക്കണം. ഒന്നായി മുന്നേറണം. കുടുംബത്തിന്റെ എല്ലാകാര്യങ്ങളും തമ്മിൽ ആലോചിച്ചും ദൈവഹിതപ്രകാരവും ആയിരിക്കണം. അവി

ടെയാണ് വിജയം ‘കൂടുമ്പോൾ ഇമ്പം’. എലീമേലേക്ക് ഈ ബന്ധങ്ങളൊന്നും പരിഗണിച്ചതായി കാണുന്നില്ല. ദൈവം എന്റെ രാജാവ് എന്ന പേർ അർത്ഥവത്താക്കിയില്ല. ദൈവത്തോടും കുടുംബത്തോടും ആലോചിച്ചു കാര്യങ്ങൾ തീരുമാനിക്കുമ്പോൾ ദൈവം നല്ല ആലോചന പറഞ്ഞു തരും. കുടുംബം അനുഗ്രഹിക്കപ്പെടും. സങ്കീ. 32:8 - ദൃഷ്ടി വച്ച് ആലോചന പറഞ്ഞുതരുന്ന ദൈവം. നല്ല (Guidance) നല്കും. മോവാബിലേക്കു (പിന്മാറ്റത്തിലേക്കു) പോയ എലീമേലെക്ക് മാറ്റപ്പെട്ടു. 1:3 വിധവയായ ആ അമ്മ മക്കളോടു പറഞ്ഞു കാണും. ‘നമ്മുടെ ദേശത്തേക്കു മടങ്ങിപ്പോകാം’. ഭർത്താവോ മക്കളോ അതു ചെവിക്കൊണ്ടില്ല. അമ്മയുടെ വാക്കുകേൾക്കുവാൻ അവർക്കും മനസ്സില്ലായിരുന്നു. തകർന്ന ഹൃദയത്തോടെ അവൾ ദൈവമില്ലാത്ത ജാതികളുടെ ഇടയിൽ മക്കളെ വളർത്തേണ്ടി വന്നു. ഭയപ്പെട്ടിരുന്നതുപോലെ തന്നെ യൗവ്വന പ്രായത്തിൽ മഹ്ലോനും, കില്യോനും മോവാബ്യരിൽ നിന്നും ഭാര്യമാരെ എടുത്തു. രൂത്ത്, ഓർപ്പ, മോവാബിൽ വേരുറപ്പിച്ചു. എന്നാൽ ദൈവത്തിന്റെ സ്ഥിരമായ പ്ലാനും പദ്ധതിയും ആർക്കും മാറ്റിമറിക്കുവാൻ കഴിയുകയില്ല. 10 വർഷത്തെ ദാമ്പത്യ ജീവിതത്തിൽ ദൈവം അവർക്കു തലമുറകളെ കൊടുത്തില്ല. അങ്ങനെ മക്കളും മരിച്ചു മാറ്റപ്പെട്ടു. നൊവൊമി മാത്രം ശേഷിച്ചു. കൂടെ യൗവ്വനക്കാരത്തികളായ രണ്ടു മോവാബ്യ മരുമക്കളും. എന്നാൽ നൊവൊമി ദൈവത്തെ മുറുകെപ്പിടിച്ചു സ്വദേശത്തേക്കു മടങ്ങുവാൻ ഉറച്ചു. ദൈവം ദേശത്തെ കടാക്ഷിച്ചു ക്ഷാമവും മാറി.

**3. മൂന്നാമത്തെ ബന്ധം : അമ്മയും പെൺമക്കളും 1:6**

പ്രിയ സഹോദരിമാരേ, നമുക്കു മാതൃകയാക്കാവുന്ന അമൂല്യ ബന്ധം സുദൃഢ ബന്ധം. 10 വർഷമായി തന്നോടു കൂടെ ജീവിക്കുന്ന രണ്ട് വിഗ്രഹാരാധികളായ മരുമക്കൾ, ഭർത്താക്കന്മാരില്ലാത്ത യൗവ്വനക്കാരത്തികൾ. എന്നാൽ ഈ അമ്മ ജീവനുള്ള ദൈവത്തെ അവർക്കു വരച്ചു കാട്ടിക്കൊടുത്തു മാതൃകയായി, സ്നേഹ നിധിയായി ജീവിക്കുന്നു. ഒരിക്കലും അവരെ ശപിക്കുകയോ പഴിച്ചു പറയുകയോ ചെയ്യാതെ, അവർ നിമിത്തമാണ് മക്കൾ നഷ്ടപ്പെട്ടതെന്നൊന്നും പറയാതെ, അഥവാ ഒരു തലമുറയെപ്പോലും നല്കുവാൻ കഴിയാത്തവരെന്നു പറഞ്ഞു വേദനിപ്പിക്കാതെ സാക്ഷാൽ ദൈവസ്നേഹം അവരിലേക്കു പകർന്നു കൊടുത്തു അവരെ ദൈവമുള്ളവരാക്കി തന്നോടു ചേർത്തു നിർത്തി. തന്റെ ദൈവം ഏത് ആപത്തിലും കൂടെയുണ്ടെന്നും അവനിൽ ആശ്രയിച്ചാൽ ധന്യരാകും എന്നുമുള്ള കാര്യങ്ങൾ പറഞ്ഞു കൊടുത്തു. അവർക്കുവേണ്ടി കരഞ്ഞു പ്രാർത്ഥിക്കുന്ന അമ്മ. എത്ര നല്ല മാതൃക. മക്കളിരുവരും ഭർത്താവും മരണത്താൽ മാറ്റപ്പെട്ടിട്ടും മരു

മക്കളെ ചേർത്തണച്ചു. അവരുടെ നന്മമാത്രം ചിന്തിക്കുന്ന അമ്മ. എങ്ങനെ മരുമക്കൾക്ക് ഈ അമ്മയെ വിട്ടുപിരിയുവാൻ കഴിയും!! ആ അമ്മയ്ക്ക് അവർ സ്വന്തമക്കളാണ്. ദൈവസ്നേഹമാണ്, അല്ല ദൈവത്തെ തന്നെ യാണ് അവർക്കു കൊടുത്തത്, ആശ്രയിപ്പാൻ, ചാരുവാൻ. ആർക്കു കഴിയും ഇത്രവലിയ സങ്കടങ്ങൾ തുഴയുന്നതിനിടയിൽ ഈ ബന്ധം ഇങ്ങനെ അരക്കിട്ട് ഉറപ്പിക്കുവാൻ!! ഇതാണ് രൂത്തിന്റെ പറ്റിച്ചേരലിൽ നാം കാണു ന്നത് - അമ്മയോടും അമ്മയുടെ ദൈവത്തോടും 1:16-18. താൻ സേവി ക്കുന്ന, തന്നെ പ്രതിസന്ധികളിൽ നടത്തുന്ന ദൈവത്തെ അവർക്കും ആവശ്യമുണ്ടെന്നു കാട്ടിക്കൊടുക്കുന്നു. അമ്മാവിയമ്മ അല്ല അമ്മ. പറ്റി ച്ചേരലിന്റെ മഹത്വം, അനുഗ്രഹം നാം ഇക്കാര്യത്തിൽ എത്ര കുറവു ള്ളവരാണ്. ഒരു തിരുത്തൽ നടത്താം. തന്നോടു പറ്റിച്ചേർന്ന രൂത്തിനു വിശ്രാമാലയം കണ്ടെത്തുന്ന നൊവൊമിമാരാകാം. നമുക്കും ദൈവ ഭക്തിയിൽ ആദ്രതയും സ്നേഹവും ഉള്ളവരായി മുന്നേറാം. ദൈവകൃ പയ്ക്കായി പ്രാർത്ഥിക്കാം.

**4. മഹാധനികനായ യജമാനൻ ബോവസും വേലക്കാരും 2,3 അദ്ധ്യായം**

ഇവർ തമ്മിലുള്ള ബന്ധം എത്ര ദൃഢമാണ്. അതും ജീവനുള്ള ദൈവത്തിന്റെ നാമത്തിലാണെന്നുള്ളതാണ് പ്രശംസനീയം. യജമാനൻ മഹാധനികൻ; വേലക്കാർ വിയർപ്പൊഴുകി നില്ക്കുന്ന കൂലിപ്പണിക്കാർ യജമാനന്റെ അവരോടുള്ള നിലപാടും അതും ജീവനുള്ള ദൈവത്തിന്റെ നാമത്തിലാണ്. അതാണു ബോവസിന്റെ വയലിലെ അനുഗ്രഹം. യജ മാനൻ വയലിലേക്കു വരുമ്പോൾ കൊയ്ത്തുകാരായ പണിക്കാരെ അഭി സംബോധന ചെയ്യുന്നത് ദൈവനാമത്തിൽ 'ദൈവം നിങ്ങളോടുകൂടെ ഇരിക്കട്ടെ. യഹോവ നിന്നെ അനുഗ്രഹിക്കട്ടെ എന്നു മറുപടി' 2:4. ഇതല്ലേ നമുക്കും സ്വർഗ്ഗീയ യജമാനനിൽ നിന്നും ലഭിച്ചിരിക്കുന്ന അഭേദ്യ ബന്ധം. അന്യജാതിക്കാരത്തിയായ രൂത്തിന്റെ കാര്യം പോലും തിരക്കി അറിയുന്ന യജമാനൻ 2:5-11 സംരക്ഷണം, സുരക്ഷിതത്വം, പോഷണം കരുതൽ യജമാനനിൽ നിന്നും ലഭിക്കുന്നു. സ്നേഹിക്കുന്ന, കരുതുന്ന യജമാനൻ!! യിസ്രായേലിന്റെ ദൈവത്തിന്റെ ചിറകിൽകീഴിൽ ആശ്രയിച്ചു വന്നിരിക്കുന്ന നിനക്ക് അവൻ (ദൈവം) പൂർണ്ണ പ്രതി ഫലം നല്കുമാറാകട്ടെ 2:12. ഭൃത്യന്മാരോടുകൂടെ വയലിൽ ഒരുമിച്ച് ആഹാരം കഴിക്കുകയും കളപ്പുരയിൽ ഉറങ്ങുകയും ചെയ്യുന്ന യജമാനൻ!! യഹോവാഭക്തന്റെ സാധുക്കളോടുള്ള ബന്ധം എത്ര മാതൃക 2:8,9,14,21 എത്ര പവിത്രമായ ദൃഢബന്ധം!! പ്രിയ സഹോദരിമാരേ! നമ്മുടെ രക്ഷി താവും കർത്താവുമായ യേശുക്രിസ്തു, നമ്മുടെ സാക്ഷാൽ ബോവസ്, നമ്മെ വീണ്ടെടുത്ത് ദൈവമക്കളാക്കിത്തീർത്തത്, നമ്മോടുള്ള നിർമ്മ ലമായ സ്നേഹവും കരുണയും കൊണ്ടു മാത്രമാണ്. നമ്മിൽ യാതൊരു

നന്മയും ഇല്ല. യിസ്രായേൽ പൗരതയോടു യാതൊരു സംബന്ധവുമില്ലാതെ പുറജാതികളായ നമ്മെ വീണ്ടെടുത്തതും പുത്രനോടുകൂടെ നമുക്ക് പിതാവാം ദൈവം കൂട്ടവകാശം നല്കിത്തന്നതും തന്റെ കരുണാധിക്യത്താൽ മാത്രമാണ്. ബോവസ് രൂത്തിനോടു പറയുകയാണ്, കേട്ടോ, മകളേ, പെറുക്കുവാൻ വേറൊരു വയലിൽ പോകണ്ടാ, ഇവിടം വിടുകയും വേണ്ടാ... അവർ കോരിവച്ചിരിക്കുന്നതിൽ നിന്നും കുടിച്ചുകൊൾക" 2:8,9 നമുക്കും ഒരു യവക്കൊയ്ത്തിനു സമയമാകുന്നു. നമ്മുടെ ബോവസ് വേഗം വന്നു നമ്മെ തന്റെ നിത്യഭവനത്തിലേക്കു ചേർക്കും' ഒരു ദൈവപൈതലിന്റെ പ്രത്യാശ!!

**5. പട്ടണവാതില്ക്കൽ ബോവസും മൂപ്പന്മാരുമായുള്ള ബന്ധം 4:1-11**

ദേശനിവാസികളോടുള്ള ബന്ധം. അവർ പട്ടണവാതില്ക്കൽ സമ്മേളിക്കുന്നു, കാര്യങ്ങൾ ആലോചിച്ചു തീരുമാനിക്കുന്നു. വിഷയങ്ങൾ ചർച്ച ചെയ്യുന്നു. നല്ല ബന്ധം. 'ഞങ്ങൾ സാക്ഷികൾ' 4:9-11 ഈ ബന്ധവും യഹോവാനാമത്തിൽ. ദൈവത്തിലാശ്രയിച്ചാണ് തീരുമാനങ്ങൾ. ഇതാണ് ക്രിസ്തീയ ജീവിത വിജയം. എത്ര ഐക്യതയിലാണ് കാര്യങ്ങൾ തീരുമാനിച്ച് ഉറപ്പിക്കുന്നത്. ഒത്തൊരുമയുടെ ബന്ധം സങ്കീ. 133:1. അവർ ബോവസിനെയും രൂത്തിനെയും യഹോവ നാമത്തിൽ അനുഗ്രഹിക്കുന്നു. 4:11, 12. പ്രിയ സഹോദരിമാരേ ദൈവനാമത്തിൽ അനുഗ്രഹം ലഭിച്ചു പടുത്തുയർത്തുന്ന കുടുംബജീവിതങ്ങൾ അനുഗ്രഹിക്കപ്പെടും. മൂപ്പന്മാരും സർവ്വജനവും അനുഗ്രഹിക്കപ്പെടും.

**6. ദേശത്തിലെ സ്ത്രീകൾ - അയൽബന്ധം 4:14-17**

'ഇന്ന് നിനക്ക് ഒരു വീണ്ടെടുപ്പുകാരനെ നല്കിയിരിക്കകൊണ്ട് യഹോവ വാഴ്ത്തപ്പെട്ടവൻ 4:14, 15. അവർ നിനക്കു ആശ്വാസപ്രദനും വാർദ്ധക്യത്തിൽ പോഷകനും ആയിരിക്കും..." പ്രതിഫലമായി ദൈവം ഓബേദിനെ കൊടുത്ത് അനുഗ്രഹിക്കുന്നു. പിൻതലമുറകളായി ദാവീദും യേശുക്രിസ്തുവും ഈ കുലത്തിൽ നിന്നു തന്നെ ജനിക്കുന്നു.

പ്രിയ സഹോദരിമാരേ! ബൈബിളിൽ സഹോദരിമാരുടെ പേരിലുള്ള രണ്ടു പുസ്തകങ്ങൾ രൂത്ത്, എസ്ഥേർ. എന്ത് ആത്മിക പാഠങ്ങൾ നമുക്ക് ഈ ചെറുപുസ്തകത്തിൽ നിന്നും ദൈവാത്മാവ് നല്കിത്തരുന്നു. നമ്മുടെ ബന്ധങ്ങൾ എങ്ങനെയുണ്ട്? ശോധന ചെയ്യാം. തിരുത്തേണ്ടവ തിരുത്താം. പിൻപറ്റേണ്ടവ പിൻപറ്റാം. അന്യോന്യ ബന്ധങ്ങൾ ജീവനുള്ള ദൈവത്തിന്റെ നാമത്തിൽ ദൃഢമാക്കാം കളങ്കമില്ലാത്ത ആത്മസ്നേഹത്തിൽ ഉറപ്പിക്കാം. അനുഗ്രഹിക്കപ്പെടാം. ഈ ബന്ധങ്ങൾ തകർന്നാൽ ദൈവനാമം ദുഷിക്കപ്പെടും. ഉണരാം, അറ്റകുറ്റം തീർക്കാം, പണിയാം. ദൈവം നമ്മെ സഹായിക്കട്ടെ. ആമേൻ.

**തങ്കമ്മ സാം, തിരുവനന്തപുരം**

# ദൈവകൃപ ലഭിച്ച മറിയ

താൻ പ്രസവിച്ച മകനിലൂടെ പ്രസിദ്ധിയിലേക്ക് ഉയർന്നവളാണ് മറിയ. മറിയ എന്ന വനിതയുടെ വ്യക്തമാക്കപ്പെട്ട വ്യക്തിത്വത്തിലൂടെ ഒരു എത്തിനോട്ടമാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

നിഗളികളോട് എതിർത്തു നില്ക്കുന്ന ദൈവം താഴ്മയുള്ളവർക്ക് കൃപ നല്കുന്നു. മറിയയുടെ താഴ്മയെയാണ് ദൈവം കടാക്ഷിച്ചത്. അഹങ്കാരം ലേശം ഇല്ലാത്ത യേശുവിന്റെ അമ്മ എന്ന പേരിൽ നിഗളിക്കാത്ത ഒരു വനിതയെ ആണ് മറിയയിൽ കാണുന്നത്. ദൂതൻ പ്രത്യക്ഷമായത് മുതൽ പെന്തക്കോസ്ത് നാളിലെ പ്രാർത്ഥനാ കൂട്ടത്തിൽ വരെ നിറഞ്ഞുനിന്ന മറിയ ഇന്നത്തെ സ്ത്രീകൾക്ക് ഒരു മാതൃകയാണ് വിനയത്തിനും താഴ്മയ്ക്കും. ദൂതൻ പറഞ്ഞ ദൂതുകളെ ശരിയായി അവൾ കേട്ടു. ഇത് എങ്ങനെ സംഭവിക്കും? മറിയയുടെ ഈ ചോദ്യം, അവൾ ആ ദൂത് നന്നായി ശ്രദ്ധിച്ചിരുന്നു എന്നതിന്റെ തെളിവാണ്. കേട്ട ദൂതിനെ അങ്ങനെ അവൾ വിശ്വസിച്ചു. (ലൂക്കൊ. 1:45) മറിയയ്ക്ക് തന്റെ ദൈവത്തെ നന്നായി അറിയാമായിരുന്നു. ദൂതന്റെ വന്ദനം പരിഭ്രമം ഉളവാക്കി. പക്ഷെ ദൈവത്തിൽനിന്നാണ് ദൂത് എന്ന് മനസ്സിലാക്കിയ മറിയ അത് അപ്പാടെ വിശ്വസിച്ചു. വിശ്വസിച്ച മറിയ ആ ദൂതിന്റെ നിവർത്തീകരണത്തിനായി തന്നെത്താൻ സമർപ്പിച്ചു.

ഇതാ! ഞാൻ കർത്താവിന്റെ ദാസി, മുമ്പിൽ രൂപപ്പെടാവുന്ന പ്രതിസന്ധികളെക്കുറിച്ച് ആലോചിക്കാതെ മറ്റൊരു പുരുഷനു വിവാഹം നിശ്ചയിക്കപ്പെട്ട കന്യകയായ മറിയ ദൈവഹിതത്തിനായി തന്നെ സമർപ്പിച്ചു. സ്വാഭാവികമായി സംഭവിക്കാത്തതും ചരിത്രത്തിൽ നടക്കാത്തതും നടക്കാനുള്ള മാനുഷിക സാധ്യതയില്ലാത്തതും ആയതിലാണ് അവൾ വിശ്വസിച്ച് അർപ്പിച്ചത്. (ലൂക്കൊ. 1:39). ''ബദ്ധപ്പെട്ട് ചെന്ന്'' മറിയയുടെ തിടുക്കം എലിസബത്തിനെ കാണുവാൻ. ദൈവപ്രവൃത്തി അനുഭവിച്ചവളുമായുള്ള കൂട്ടായ്മയ്ക്ക് വേണ്ടി ദർശനം പങ്കുവയ്ക്കുവാൻ കഴിയുന്ന സ്ഥലമാണ് ആത്മിക വളർച്ചയ്ക്ക് ആവശ്യം. അതറിഞ്ഞ മറിയ മലനാട്ടിൽ എത്തി. അവിടുത്തെ അനുഭവങ്ങൾ. മൂന്നുമാസത്തെ മറിയയിൽ ആത്മാവിന്റെ ശക്തി നിഴലിട്ട ദിവസങ്ങളായിരുന്നു. സംഭവങ്ങൾ അറിയുന്ന മറിയ അത് ഹൃദയത്തിൽ സംഗ്രഹിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നു. (ലൂക്കൊ.1:19) ഹൃദയത്തിൽ സംഗ്രഹിക്കേണ്ടതിനെ മാത്രം സംഗ്രഹിച്ച് ധ്യാനിക്കുന്ന മറിയ. ഇതായിരുന്നു മറിയുടെ ജീവിതവിജയ രഹസ്യം.

കാനാവിലെ കല്യാണനാളിലെ ദൈവപ്രവൃത്തിയുടെ ആരംഭം മറിയയിൽ നിന്നായിരുന്നു. വീഞ്ഞ് പോരാതെ വരികയാൽ മറിയ യേശുവിനെ വിവരമറിയിക്കുന്നു. അറിയിക്കേണ്ടത് അറിയിക്കേണ്ടി യിടത്ത് അറിയിക്കുവാൻ മറിയയെ ദൈവകൃപ അഭ്യസിപ്പിച്ചിരുന്നു. കാര്യങ്ങൾ പാടിനടക്കുന്ന ഇന്നത്തെ കാലത്ത് മറിയയുടെ പ്രവൃത്തി ശ്രദ്ധിച്ചാൽ എത്ര നന്ന്. കല്യാണവീട്ടിൽ മറിയ ഉണ്ടായിരുന്നു. യേശുവിനെയും ശിഷ്യന്മാരെയും ക്ഷണിച്ചിരുന്നു. ഈ വാക്കുകൾ തന്നെ മറിയയ്ക്കും ഏറ്റവും വേണ്ടപ്പെട്ട വീട് ആയിരുന്നു അത് എന്ന് മനസ്സിലാക്കാം. വീഞ്ഞിന്റെ പോരായ്മ കല്യാണഭവനത്തെ മുഴുവൻ അറിയിച്ചു അതിൽ സന്തോഷിക്കാതെ യേശുവാരെന്ന് നന്നായി അറിയാവുന്ന മറിയ ആ ഭവനത്തിലെ പ്രശ്നത്തെ സ്വന്തം പ്രശ്നമായി കണ്ട് പരിഹാരം തേടുകയാണ് ചെയ്യുന്നത്.

യേശുവിന്റെ മറുപടിയിൽ പരിഭവിക്കാതെ ശരിയായി കൈ കാര്യം ചെയ്യുവാൻ മറിയ തയ്യാറായി. യേശുവിനെ അറിയാത്ത ശുശ്രൂഷ ക്കാർക്ക് യേശുവിനെ പരിചയപ്പെടുത്തിയ വാക്കുകൾ ‘ അവൻ എന്തെ ങ്കിലും കല്പ്പിച്ചാൽ അത് ചെയ്യുവിൻ’. യേശുവിന്റെ വാക്കുകളുടെ ശക്തി മറിയ ശരിയായി അറിഞ്ഞിരുന്നു എന്നതിന്റെ തെളിവാണ്. ആവശ്യ ക്കാരുടെ ആവശ്യബോധം ദൈവപ്രവൃത്തിയെ ത്വരിതപ്പെടുത്തുമെന്ന് മറിയയ്ക്ക് അറിയാമായിരുന്നു. മറിയയുടെ വാക്കുകൾ കേട്ട് യേശു പറഞ്ഞത് അതേപടി അനുസരിക്കുന്ന ദാസന്മാരെ ശ്രദ്ധിക്കൂ. ഏതോ ഒരു സ്ത്രീ പറഞ്ഞത് കേട്ടവർ ചെയ്യുകയായിരുന്നുവോ? അല്ല, ആ ഭവനത്തിലെ വേണ്ടപ്പെട്ട വ്യക്തിയായിരുന്നു മറിയ. ആ ഭവനത്തിലെ ശുശ്രൂഷകന്മാർക്ക് മറിയയെ അറിയാം. ‘പൊട്ടച്ചൊല്ലും കളിവാക്കും’ പറഞ്ഞു നടക്കുന്ന ഒരു സാധാരണ സ്ത്രീയുടെ സ്വഭാവമായിരുന്നില്ല മറിയയുടെത്. സംഗ്രഹിക്കേണ്ടതെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച മറിയ കാര്യമാത്രപ്രസക്തമായ കാര്യങ്ങളേ സംസാരിക്കൂ. യേശുവിനെ അറിയാത്ത ദാസന്മാർ യേശു കല്പിച്ച കാര്യങ്ങൾ അതേപടി അനുസരിക്കുന്നു.

യേശുവിനെ അനുഗമിക്കുന്ന കൂട്ടത്തിലും കല്ലറയ്ക്ക് അരികിലും മറിയയെ കാണാം. ഉയിർപ്പിനുശേഷം ഒരുമിച്ചു പ്രാർത്ഥിക്കുന്നവരുടെ മുമ്പിലും മുൻനിരയിലും മറിയയെ കാണാം. യേശുവാരെന്ന് അറിഞ്ഞ മറിയ യേശുവിനെ അനുഗമിക്കുന്നതിൽ അലസ അല്ലായിരുന്നു. വിളക്ക് കത്തിച്ച് പറയിൻകീഴിലോ പാത്രത്തിനുള്ളിലോ നിലവറയ്ക്കുള്ളിൽ കട്ടിലിൻകീഴിലോ വയ്ക്കുന്ന കൂട്ടത്തിൽ ആയിരുന്നില്ല മറിയ. അവളുടെ വിളക്ക് രാത്രിയിലും കെട്ട് പോയിരുന്നില്ല.

*ശേഷം പേജ് 30 കാണുക*

# ഉൾക്കാഴ്ചയും പ്രതികരണവും

ശൗൽ ദാവീദിനെ വകവരുത്തുവാൻ പലപ്രാവശ്യം പരിശ്രമിച്ചിട്ടുണ്ട്. അതിനാൽ ദാവീദ് മരുഭൂമിയിലൂടെ അലഞ്ഞു നടക്കുകയും ഒടുവിൽ ഫെലിസ്ത്യദേശത്ത് അഭയം പ്രാപിക്കുകയും ചെയ്തിട്ടുണ്ട്. അപ്പോഴും അവന്റെയുള്ളിൽ ശൗൽ യഹോവയുടെ അഭിഷിക്തൻ മാത്രമായിരുന്നു. ആ വിധത്തിലല്ലാതെ ദാവീദ് ശൗലിനെക്കുറിച്ച് സംസാരിച്ചിട്ടില്ല.

യുദ്ധത്തിൽ കൊല്ലപ്പെട്ട ശൗലിനെക്കുറിച്ച്, താൻ ശൗലിനെ കൊന്നുവെന്ന അവകാശവാദവുമായി ഒരുവൻ ദാവീദിനെ സമീപിച്ചിരുന്നു. തനിക്കു പ്രതിഫലം ലഭിക്കുമെന്ന പ്രതീക്ഷയോടെ ആയിരിക്കാം അവൻ വന്നത്. എന്നാൽ തികച്ചും അവിശ്വസനീയവും അപ്രതീക്ഷിതവുമായ ഒരു പ്രതികരണമായിരുന്നു ദാവീദിൽ അവൻ കണ്ടത്. "ദാവീദ് അവനോട്; യഹോവയുടെ അഭിഷിക്തനെ സംഹരിക്കേണ്ടതിന് കൈയ്യോങ്ങുവാൻ നിനക്കു ഭയം തോന്നാഞ്ഞതു എങ്ങനെ എന്നു പറഞ്ഞു. പിന്നെ ദാവീദ് ബാല്യക്കാരിൽ ഒരുത്തനെ വിളിച്ചു: നീ ചെന്ന് അവനെ വെട്ടിക്കളക എന്നു പറഞ്ഞു. അവൻ അവനെ വെട്ടിക്കൊന്നു" (2 ശമുവേൽ 1:14,15). അങ്ങനെ ചോദിക്കുവാനുള്ള പ്രാഗത്ഭ്യം ദാവീദിനുണ്ടായിരുന്നു. പലതവണ അവസരം ലഭിച്ചിട്ടും 'യഹോവയുടെ അഭിഷിക്തന്റെ മേൽ കൈ വെച്ചിട്ട് ആർ ശിക്ഷ അനുഭവിക്കാതെ പോകും" എന്നു പറഞ്ഞ് ശൗലിനെ അവൻ ഉപദ്രവിക്കാതെ വിട്ടയയ്ച്ചിട്ടുണ്ട് (1 ശമു.26:9) താനും ഒരു അഭിഷിക്തൻ ആയിരുന്നിട്ടുപോലും, തന്നെ ആക്രമിക്കാനായി പിന്തുടരുന്ന ശൗലിനോട് അവൻ ഒരിക്കൽപോലും പ്രത്യാക്രമണത്തിനു തുനിഞ്ഞില്ല.

ശൗലിനെ തന്റെ ശത്രുവായിട്ടോ തന്നെ ഇല്ലാതെയാക്കുവാൻ പിന്തുടരുന്ന ഒരു സംഹാരകനായിട്ടോ, താൻ രാജാവാകുന്നതിന് തടസ്സമായിരിക്കുന്ന ഏക വ്യക്തി എന്ന നിലയിലോ ഒന്നുമല്ല, യഹോവയുടെ അഭിഷിക്തൻ എന്ന അത്യുന്നതപദവിയിൽ മാത്രമാണ് ദാവീദ് കണ്ടത്. ദാവീദിന്റെ ആ കാഴ്ചപ്പാട് ദൈവികവും ആത്മികവുമായിരുന്നു. അതുകൊണ്ട് തന്നെ, മാനുഷികബുദ്ധിയിലോ ജഡികചിന്തയിലോ അത് ഉൾക്കൊള്ളുവാൻ മറ്റാർക്കും കഴിയുമായിരുന്നില്ല. സഹോദരീ പുത്രനായ അബീശായി ദാവീദിന്റെ സന്തതസഹചാരി ആയിരുന്നിട്ടുപോലും 'അവനെ കുത്തിക്കളയട്ടെ' എന്നു ചോദിച്ചതാണ്' (1 ശമു. 26:8).

കുടുംബമഹിമകൊണ്ടോ ഉയർന്ന ജീവിതനിലവാരം കൊണ്ടോ ഉന്നതവിദ്യാഭ്യാസം കൊണ്ടോ ഒന്നും മാറ്റം വരുത്താവുന്നതല്ല മാനുഷിക കാഴ്ചപ്പാടുകൾ. ദൈവവുമായുള്ള നിരന്തര സംസർഗ്ഗവും ആശയവിനിമയവും ഭക്തിയുമാണ് ശൗലിനെ യഹോവയുടെ അഭിഷിക്തനായി മാത്രം കാണുവാൻ ദാവീദിനെ സഹായിച്ചത്. ആ ആത്മീയ ഉൾക്കാഴ്ചയായിരുന്നു ശൗലിനോടുള്ള അവന്റെ സകല പ്രതികരണങ്ങളിലും പ്രതിഫലിച്ചിരുന്നത്.

ഒരു അഭിഷിക്തൻ എത്രത്തോളം അധഃപതിക്കാം എന്നതിന്റെ ദൃഷ്ടാന്തമായിരുന്നു ശൗൽ. എന്നിട്ടും അബദ്ധത്തിൽ പോലും ഒരു പ്രത്യാക്രമണത്തിന് ഇടവരാത്തവിധം ദാവീദ് ശൗലിനെ ഒഴിഞ്ഞു പൊയ്ക്കൊണ്ടിരുന്നു. "ശൗലിനെ ഒഴിഞ്ഞുപോകുവാൻ ദാവീദ് ബദ്ധപ്പെട്ടു" (1 ശമു 23:26) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കർത്താവിനോടുകൂടെ മൂന്നരവർഷം സഞ്ചരിച്ചിട്ടും പത്രൊസ് പ്രകോപിതനായി മഹാപുരോഹിതന്റെ ദാസനെ വെട്ടിയതായി നാം വായിക്കുന്നുണ്ട് (ലൂക്കൊ. 22:49-50) പെട്ടെന്ന് പ്രകോപിതനാകയും പ്രതികരിച്ചു പോകയും ചെയ്യാതിരിക്കാനുള്ള ആത്മീയ പക്വതയും ദൈവകൃപയും ദാവീദിനുണ്ടായിരുന്നു.

പുറമെയുള്ള ഭക്തിയല്ല, അകമെയുള്ള രൂപാന്തരമാണ് ആത്മീയവീക്ഷണങ്ങളെ വ്യത്യസ്തമാക്കുന്നത്. ആ രൂപാന്തരവും ഉൾക്കാഴ്ചയുമാണ് പ്രകോപിതരാകാതിരിപ്പാനും വ്യത്യസ്തമായി പ്രതികരിപ്പാനും ഇടവരുത്തുന്നത്. മനസ്സു പുതുക്കി രൂപാന്തരപ്പെടുവാനും സാവധാനതയോടെ പ്രതികരിക്കുവാനും നമുക്കും ദൈവം കൃപ നല്കട്ടെ.

**ജെസി ബെൻസെൻ, കൊച്ചി**

---

*പേജ് 9 ന്റെ തുടർച്ച (ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ)*

തിരുമൊഴികൾ ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനത്തിന് വിരാമം കുറിക്കട്ടെ "എന്നാൽ ലോത്ത് സോദോം വിട്ട നാളിൽ ആകാശത്തു നിന്ന് തീയും ഗന്ധകവും പെയ്ത് എല്ലാവരെയും മുടിച്ചുകളഞ്ഞു. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അവ്വണ്ണം തന്നെയാകും. അന്ന് വീട്ടിന്മേൽ ഇരിക്കുന്നവൻ വീട്ടിനകത്തുള്ള സാധനം എടുക്കാൻ ഇറങ്ങിപ്പോകരുത്, അവ്വണ്ണം വയലിൽ ഇരിക്കുന്നവനും പിന്നോക്കം തിരിയരുത്, ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ" (ലൂക്കൊ. 17:29-32).

**ജോർജ് ജോൺ, തിരുവനന്തപുരം**

# തിരുത്തിവായിക്കേണ്ട വേദഭാഗങ്ങളിൽ ചിലത്

പാടിപ്പതിഞ്ഞ ഗാനങ്ങൾ പോലെയാണ് നാം മനഃപാഠമാക്കിയിട്ടുള്ള ബൈബിൾ വാക്യങ്ങൾ. 23-ാം സങ്കീർത്തനം അനായാസം കാണാതെ പറയാൻ കഴിയാത്ത ക്രിസ്ത്യാനികൾ അംഗുലീപരിമിതം ആയിരിക്കും. ഒരിക്കൽ മധ്യതിരുവിതാംകൂറിൽ ഒരു ശവസംസ്കാര ശുശ്രൂഷ ഭവനാങ്കണത്തിൽ ആരംഭിച്ചപ്പോൾ എല്ലാവരും സ്വസ്ഥാനങ്ങളിൽ എഴുന്നേറ്റുനിന്ന് 23-ാം സങ്കീർത്തനം പറഞ്ഞുകൊണ്ട് പ്രാർത്ഥിക്കാം എന്നു പുരോഹിതൻ പറഞ്ഞപ്പോൾ ക്രിസ്ത്യാനികളുടെ കൂടെ ഹിന്ദുക്കളും സങ്കീർത്തനം ചൊല്ലിയത് ഓർക്കുന്നു. അതിനു കാരണം മധ്യതിരുവിതാംകൂറിലെ പഴയ തലമുറ മിഷണറി സ്കൂളുകളിൽ വേദപാഠം പഠിച്ചവരായിരുന്നു എന്നതാണ്. “മുല്ലപ്പൂമ്പൊടി ഏറ്റു കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം”

23-ാം സങ്കീർത്തനം 4-ാം വാക്യത്തിന്റെ ആദ്യഭാഗം “കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും” എന്നത് ഇംഗ്ലീഷ് ബൈബിളിൽ മരണ നിഴൽ താഴ്വര (Valley of the shadow of death) എന്നാണ്. തമിഴ് വിവർത്തനത്തിലും “മരണ ഇരുളിൽ പള്ളത്താക്കിലേ നടന്താലും...” എന്നു തന്നെയാണ്. മൂലഭാഷാപരിചയം സിദ്ധിച്ചവരായിരുന്നു തമിഴ് ബൈബിൾ പരിഭാഷകർ. അതുകൊണ്ട് മൂലഭാഷയിലെ അർത്ഥം ചോർന്നുപോകാതെ സൂക്ഷിക്കാൻ കഴിഞ്ഞു.

127-ാം സങ്കീർത്തനം 2-ാം വാക്യത്തിന്റെ അന്ത്യപാദത്തിൽ “തന്റെ പ്രിയനോ, അവൻ അതു ഉറക്കത്തിൽ കൊടുക്കുന്നു” ഈ വാക്യം വ്യാഖ്യാനിച്ച് അന്നും ഇന്നും പ്രസംഗകർ ബഹുദൂരം കാടുകയറിയിട്ടുണ്ട്. ഇവിടെയും ഇംഗ്ലീഷ് വിവർത്തനത്തിൽ ഉറക്കം കൊടുക്കുന്നു എന്നാണ് (He giveth his beloved sleep). തമിഴ് ബൈബിളിൽ “നിത്തിരൈ അളിക്കിരാർ” നിദ്രകൊടുക്കുന്നു എന്നാണ്.

1 തിമൊ. 3:16-ൽ അവൻ ജഡത്തിൽ വെളിപ്പെട്ടു എന്നത് ഇംഗ്ലീഷിൽ ദൈവം ജഡത്തിൽ വെളിപ്പെട്ടു (God was manifest in the flesh) എന്നാണ്. തമിഴ് ബൈബിളിൽ പ്രസ്തുത ഭാഗം കാണുന്നത്. “ദേവൻ മാംസത്തിലേ വെളിപ്പെട്ടാർ” എന്നാണ്. ഒരിക്കൽ ഒരു ഹൈന്ദവൻ പറഞ്ഞു ഞങ്ങൾ യേശുദേവൻ, ക്രിസ്തുഭഗവാൻ എന്നിങ്ങനെ ബഹുമാനപൂർവ്വം പറയുമ്പോൾ നിങ്ങൾ ക്രിസ്ത്യാനികൾ യേശുവിനെ അവനെന്നും ഇവനെന്നും പറഞ്ഞ് അപമാനിക്കുന്നു. ശ്രീനാരായണ ഗുരു യേശുവിനെ വിശേഷിപ്പിച്ചിരിക്കുന്നത് “പരമേശ പവിത്രപുത്രൻ”

എന്നാണ്. പഴയ ഇംഗ്ലീഷിലെ Thou, Thy, Thine എന്നീ പദങ്ങളുടെ സമാനമലയാളം അങ്ങ്, അങ്ങയുടെ, അവിടുന്നു എന്നൊക്കെയാണ്. കത്തോലിക്ക ബൈബിളിൽ ഇത്തരം ബഹുമാന സൂചകമായ പദങ്ങൾ ഉപയോഗിക്കാൻ ശ്രദ്ധിക്കുന്നുണ്ട് എങ്കിലും പ്രൊട്ടസ്റ്റന്റ് ബൈബിളിൽ അത് കാണുന്നില്ല എന്നതു ഒരു കുറവുതന്നെയാണ്. യോഹ. 3:16 "ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു". സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്റെ നാമം, നിന്റെ രാജ്യം, നിന്റെയിഷ്ടം, നിനക്കുള്ളതല്ലോ എന്നീ ഭാഗങ്ങൾ ഭാവിയിൽ പുതിയ വിവർത്തനങ്ങൾ ഉണ്ടാകുമ്പോൾ അങ്ങയുടെ നാമം, അങ്ങയുടെ രാജ്യം, അങ്ങയുടെ ഇഷ്ടം, അവിടുത്തേക്കുള്ളതല്ലോ എന്ന് മുദ്രണം ചെയ്യാൻ കഴിയട്ടെ എന്ന് ആശിക്കാം.

പ്രാകാരം ചിലർ പ്രകാരം എന്ന് വായിക്കാറുണ്ട്. "നീയൊരു പെട്ടി സംസാരിക്കുന്നതുപോലെ സംസാരിക്കുന്നു" (ഇയ്യോബ് ഭാര്യയോട് പറഞ്ഞത്) "നീതിമാൻ എന്നേക്കും ഓർമ്മയിൽ ഇരിക്കും" അസ്തമാനം അച്ചടിപ്പിശകാണെന്നും അസ്തമനം ആണ് ശരിയെന്നും അറിയണം (സങ്കീ. 104:19). സങ്കീ. 91:3 "കണിയല്ല" കെണിയാണ്. കുല അല്ല കൊല എന്നും വായിക്കേണ്ടതാണ്. ബൈബിളിലെ കുല എല്ലാം എന്നു വെട്ടും എന്ന ചോദ്യം ഒഴിവാക്കാം.

**റവ. എ.ജെ. ജോൺ കൊഴുവല്ലൂർ**

## Quest 92 - ന്റെ ശരി ഉത്തരങ്ങൾ

1. ബെയോർ (ആവ.23:4)
2. എലെയാസർ (ആവ.10:6)
3. ആബീബ് മാസം (ആവ.16:1)
4. യഹോവയുടെ ദഹനയാഗങ്ങളും അവന്റെ അവകാശവും കൊണ്ട് അവൻ ഉപജീവനം കഴിക്കണം. യഹോവ തന്നെ അവരുടെ അവകാശം (ആവ.18:1,2)
5. എലീയാബ് (ആവ.11:6)
6. ഗെരിസീം (ആവ. 27:12)
7. വല്ല ഊനമോ വിരൂപതയോ ഉള്ള (ആവ.17:1)
8. തനിക്കു സ്വന്തജനമാക്കേണ്ടതിനു (ആവ. 7:6, 14:2)
9. സമാധാനം (ആവ. 20:10)
10. നാല്പതു (40) സംവത്സരം (ആവ. 8:2)
11. ന്യായപ്രമാണം എല്ലാ യിസ്രായേല്യരും കേൾക്കെ അവരുടെ മുമ്പാകെ വായിക്കണം (ആവ.31:10, 11)
12. കൈമേൽ (ആവ. 6:8)
13. എദ്രെയിൽ വെച്ച് (ആവ. 1:4)
14. 40 രാവും 40 പകലും (ആവ. 9:9)
15. നെബോ പർവ്വതത്തിൽ പിസ്ഗാ മുകളിൽ (ആവ. 34:1)
16. ആറ് (6) ദിവസം (ആവ. 5:13)
17. സേയീർ പർവ്വതം (ആവ.2:5)
18. ബെന്യാമിൻ (ആവ. 33:12)
19. ബാശാനിലെ ഗോലാൻ (ആവ. 4:43)
20. മല്ലന്മാരുടെ ദേശം, ഹവോത്ത് - യായീർ (ആവ. 3:13,14)

# മനുഷ്യന്റെ ഗർവ്വം അവനെ താഴ്ത്തിക്കളയും (സദൃ.29.23)

**ഒരു ഭാവന**

ഇംഗ്ലീഷ് അക്ഷരമാലയിൽ 26 അക്ഷരങ്ങളാണല്ലോ ഉള്ളത്. അതിൽ “I”എന്ന അക്ഷരത്തിന് ഞാൻ എന്ന് അർത്ഥം. അതിനാൽ ത്തന്നെ അവന് ഒരു നിഗളം (ഞാനെന്ന ഭാവം) തോന്നി. അവൻ ചിന്തിച്ചു, എല്ലാ അക്ഷരങ്ങൾക്കും വളവും കുനിപ്പും കുത്തും വെട്ടും ഒക്കെ ഉണ്ട്. ഞാൻ മാത്രം ഒരു ഊനവുമില്ലാതെ നിവർന്നു നില്ക്കുന്നു. അതുകൊണ്ട് ഞാനാണ് ഈ അക്ഷരമാലയിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നവൻ. ഈ ചിന്ത ഹേതുവായി അവൻ അക്ഷരങ്ങളുടെ ഒരു യോഗം വിളിച്ചുകൂട്ടി. എല്ലാ അക്ഷരങ്ങളും എന്തിനായിരിക്കും ഈ യോഗം എന്ന ആകാംക്ഷയോടെ വന്നുചേർന്നു. അവൻ സദസ്സിന്റെ മുമ്പിൽ എഴുന്നേറ്റുനിന്നു. ഗോല്യാത്തിനെപ്പോലെ അവൻ മറ്റുള്ളവരെ വെല്ലുവിളിച്ചു: എന്നെപ്പോലെ നിവർന്നു നില്പാൻ കഴിവുള്ളവൻ ആരെങ്കിലും ഉണ്ടെങ്കിൽ വരട്ടെ. ഓരോരുത്തരും നേരേ നില്പാൻ തന്നാൽ ആവതു നോക്കി. സാധിക്കുന്നില്ല. ഒടുവിൽ അവരെല്ലാം പരാജയം സമ്മതിച്ചു. കാരണം ഓരോ അക്ഷരത്തിനും വളവും തിരിവും വെട്ടും കുത്തും ഒക്കെ ഉണ്ട്. അങ്ങനെ അവൻ അവരുടെ നേതാവായി പ്രഖ്യാപിക്കപ്പെട്ടു. അതോടെ അവന്റെ അഹംഭാവം വർദ്ധിച്ചു. ഞാനാണ് ഏറ്റവും വലിയവൻ എന്ന ഭാവത്തോടെ അവൻ ഒരു ഉയർന്ന പീഠത്തിൽ കയറി ഞെളിഞ്ഞു നിന്നു. പെട്ടന്ന് ഒരു കൊടിയ കാറ്റടിച്ചു. അതാ കിടക്കുന്നു അവൻ തലയും കുത്തി താഴെ. അവനെ എഴുന്നേല്പിക്കാൻ എല്ലാവരും ഓടിവന്നു, എഴുന്നേല്പിച്ചു. പക്ഷെ അവന്റെ രൂപം മാറി. അവൻ "C" പോലെ വളഞ്ഞുപോയി. അതോടെ അവന്റെ സ്ഥാനവും അഹംഭാവവും മാറിപ്പോയി. അവൻ മറ്റുള്ളവരെപ്പോലെ പോരായ്മകൾ ഉള്ളവനായിത്തീർന്നു.

അക്ഷരങ്ങളെയെല്ലാം Personify ചെയ്താണ് ഈ ഭാവന ഉണ്ടാക്കിയിരിക്കുന്നത്. ബൈബിളിൽ പലതിനും മനുഷ്യത്വാരോപണം (Personification) നല്കി ചിത്രീകരിച്ചിട്ടുണ്ട്. ഉദാഹരണമായി

വൃക്ഷം - ദൈവമക്കൾ ആറ്റരികത്തു നട്ടിരിക്കുന്ന വൃക്ഷം - ഫലം കായ്ക്കുന്ന വൃക്ഷം - ആത്മീയൻ.

മുന്തിരിവള്ളി - വീട്ടിനകത്തെ ഫലപ്രദമായ മുന്തിരിവള്ളി-ഭാര്യ

സാക്ഷാൽ മുന്തിരിവള്ളി-യേശുക്രിസ്തു

ആട് - ദാവീദ് തന്നെ യഹോവയുടെ ആടായി ചിത്രീകരിച്ചിരിക്കുന്നു.

ക്രിസ്തു താൻ ഇടയനായും തന്റെ അനുയായികൾ ആടുകളായും ചിത്രീകരിച്ചിരിക്കുന്നു.

പാറ - ക്രിസ്തു

കുറുക്കൻ - ദൈവവിരോധികൾ

പ്രാരംഭത്തിൽ ചിത്രീകരിച്ച ഭാവനയിലെ "I" യെപ്പോലെ "C" ആയിമാറിയ ഒരു മഹൽവ്യക്തിയെ നമുക്കു പുതിയനിയമത്തിൽ കാണാം. പൗലൊസായി മാറിയ ശൗൽ. യഹോവയുടെ ന്യായപ്രമാണത്തിൽ അടിയുറച്ചു വിശ്വസിച്ച ശൗൽ തികഞ്ഞ ഒരു യഹൂദാമതഭക്തനായിരുന്നു. അതിലുപരി വിദ്യാസമ്പന്നൻ, യിസ്രായേൽ ജാതിക്കാരൻ, ബെന്യാമീൻ ഗോത്രക്കാരൻ, എബ്രായനിൽനിന്നു ജനിച്ച എബ്രായൻ, ന്യായപ്രമാണം സംബന്ധിച്ചു പരീശൻ എന്നീ നിലയിലുള്ള സ്ഥാനമാനങ്ങളാൽ അഹങ്കരിച്ചിരുന്നു. ആയതിനാൽ തങ്ങളുടെ വിശ്വാസം ഉപേക്ഷിച്ച് ക്രിസ്തുവിന്റെ അനുകാരികളായിത്തീർന്ന ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിൽ അത്യധികം ഉത്സാഹം കാണിച്ചു. അവരെ പിടിച്ചുകെട്ടി കാരാഗൃഹത്തിൽ അടയ്ക്കുവാൻ അധികാരപത്രവുമായി പ്രയാണം ചെയ്ത ശൗൽ ദമസ്ക്കൊസിനു സമീപിച്ചപ്പോൾ യേശുക്രിസ്തുവിന്റെ സൂര്യനെ വെല്ലുന്ന വെളിച്ചം അവന്റെ മേൽ മിന്നി. അവൻ കുതിരപ്പുറത്തുനിന്നു താഴെ വീണു. അതോടെ അവനിലുള്ള ഞാനെന്ന ഭാവം മാറി. "Christ" ഉള്ളിൽ പ്രവേശിച്ചു. (I changed to C). കർത്താവിനെ അവൻ തിരിച്ചറിഞ്ഞു. യേശുക്രിസ്തുവിന്റെ ദാസനായിത്തീർന്നു; കർത്താവു തിരഞ്ഞെടുത്ത ഒരു മാനപാത്രം. അഹങ്കാരം ഹൃദയത്തിൽനിന്നു വരുന്നു. അതു ജഡികമാണ്. ഞാൻ എന്ന ഭാവത്തെ ദൈവം വെറുക്കുന്നു. "നിന്റെ ഹൃദയത്തിന്റെ അഹങ്കാരം നിന്നെ ചതിച്ചിരിക്കുന്നു. നീ കഴുകനെപ്പോലെ ഉയർന്നാലും, നക്ഷത്രങ്ങളുടെ ഇടയിൽ കൂടു വെച്ചാലും, അവിടെനിന്നു ഞാൻ നിന്നെ ഇറക്കും" (ഓബ. 3,4; യിരെ.49:16).

ചന്ദ്രനിൽ വാസസ്ഥലമൊരുക്കുവാൻ കോടികൾ മുടക്കുവാൻ തയ്യാറാകുന്ന മനുഷ്യൻ ഇതൊന്നറിഞ്ഞാൽ കൊള്ളാം. മനുഷ്യനു വസിക്കുവാനായി ദൈവം ഒരുക്കിയത് ഭൂമി മാത്രമാണ്. ദൈവത്തിന്റെ പ്രവൃത്തികൾ തികവുള്ളതാണ്. അതിനെ മറുതലിക്കുവാൻ മനുഷ്യന് അവകാശമില്ല. ജലപ്രളയത്തിനു ശേഷം ഭൂമിയിൽ വീണ്ടും ജനം പൊരുകി. ജനത്തിന്റെ പാപം അതിരുകടന്നു അഹങ്കാരമായിത്തീർന്നു. മനുഷ്യർ തങ്ങൾക്കു പേരുണ്ടാക്കുവാൻ ബാബേൽ ഗോപുരം പണിത്

ദൈവത്തെ വെല്ലുവിളിക്കുവാൻ ശ്രമിച്ചു. അവരുടെ നിഗളം മനസ്സിലാക്കിയ ദൈവം മനുഷ്യരുടെ ഭാഷ കലക്കിക്കളഞ്ഞു. അന്നുവരെ ഒരു ഭാഷ മാത്രമേ മനുഷ്യർക്കുണ്ടായിരുന്നുള്ളു.

ദൈവജനത്തെ വെല്ലുവിളിച്ച ഗോല്യാത്ത് ബാലനായ ദാവീദിന്റെ കൈയിലുള്ള നിസ്സാരമായ ഒരു കല്ലുകൊണ്ട് നിലംപരിചായി കൊല്ലപ്പെടുവാൻ ഇടയായതും ഈ അഹംഭാവത്തിന്റെ ഭവിഷ്യത്താണ്. ദൈവം ദാനമായിതന്ന കഴിവിനെ ദൈവജനത്തിനെതിരെ ഉപയോഗിച്ചാൽ ഗോല്യാത്തിനുണ്ടായ അനുഭവമായിരിക്കും ഫലം. “ആകയാൽ രാജാക്കന്മാരേ (ഭരണാധികാരികളേ), ബുദ്ധി പഠിപ്പിൻ; ഭൂമിയിലെ ന്യായാധിപന്മാരേ, ഉപദേശം കൈക്കൊൾവിൻ. ഭയത്തോടെ യഹോവയെ സേവിപ്പിൻ; വിറയലോടെ ഘോഷിച്ചുല്ലസിപ്പിൻ. അവൻ കോപിച്ചിട്ട് വഴിയിൽവെച്ചു നശിക്കാതിരിപ്പാൻ പുത്രനെ ചുംബിപ്പിൻ” (സങ്കീ. 2:10-12).

നെബൂഖദ്നേസർ രാജാവ് തന്റെ രാജമന്ദിരത്തിന്മേൽ ഉലാവിക്കൊണ്ട്, ഇതു ഞാൻ എന്റെ ധനമാഹാത്മ്യത്താൽ എന്റെ പ്രതാപമഹത്ത്വത്തിനായിട്ടു രാജധാനിയായി പണിത മഹതിയാം ബാബേൽ എന്നുപറഞ്ഞ് അഹങ്കരിച്ചു. ഫലമോ, രാജാവ് ബുദ്ധിഭ്രമം ബാധിച്ച് കാളയെപ്പോലെ പുല്ലു തിന്നേണ്ടിവന്നു. ബേൽശസ്സർ തന്റെ പ്രതാപത്തിൽ നിഗളിച്ച് ദൈവത്തെയും ദൈവജനത്തെയും നിന്ദിച്ചു. ദൈവാലയത്തിലെ വിശുദ്ധവസ്തുക്കളെ അശുദ്ധമാക്കിക്കളഞ്ഞു. ആ രാത്രിയിൽ തന്നെ അവൻ കൊല്ലപ്പെട്ടു. ഹെരോദാവ് തന്റെ പ്രതാപത്തിൽ അഹങ്കരിച്ച് ദേവതുല്യനായി ഭദ്രാസനത്തിൽ ഇരുന്നു ജനത്തോടു സംസാരിച്ചു. ഇതു മനുഷ്യന്റെ ശബ്ദമല്ല ഒരു ദേവന്റെ ശബ്ദമത്രേ എന്നു ജനം ആർത്തു. അവൻ ദൈവത്തിനു മഹത്ത്വം കൊടുക്കായ്കയാൽ കർത്താവിന്റെ ദൂതൻ ഉടനെ അവനെ അടിച്ചു. അവൻ കൃമിക്കു ഇരയായി പ്രാണനെ വിട്ടു (അപ്പൊ. 12:21-23). ആഹാബുരാജാവും ഈസബെലും തങ്ങളുടെ പ്രതാപത്തിൽ അഹങ്കരിച്ച് ചതിയിലൂടെ രാജഭരണം അരങ്ങേറിയ രണ്ടു വ്യക്തികളാണ്. ദൈവകോപം അവരുടെ മേൽ വന്നു. യൗവനത്തിൽതന്നെ ആഹാബ് കൊല്ലപ്പെട്ടു. ഇസബേലിനുണ്ടായ ദാരുണാന്ത്യത്തിൽ അവളുടെ രക്തം നായ്ക്കൾ നക്കിക്കുടിച്ചു.

“മനുഷ്യന്റെ ഗർവ്വം അവനെ താഴ്ത്തിക്കളയും; മനോവിനയമുള്ളവനോ മാനം പ്രാപിക്കും” (സദൃ.29:23). “താഴ്മയ്ക്കും യഹോവാഭക്തിക്കും ഉള്ള പ്രതിഫലം ധനവും മാനവും ജീവനും ആകുന്നു” (സദൃ. 22:4).

**ജോയമ്മ സാംസൺ, കൊല്ലം**

# പ്രശ്നപരിഹാരം അസാദ്ധ്യമല്ല.

ദൈവമക്കളുടെ ജീവിതങ്ങളിൽ ഉണ്ടാകുന്ന എല്ലാവിധ പ്രശ്ന ങ്ങൾക്കും യേശുക്രിസ്തുവിൽ പരിഹാരമുണ്ട് എന്നാണ് ബൈബിൾ പറയുന്നത്. ക്രിസ്തീയ കുടുംബജീവിതത്തിലും ഇത് അന്വർത്ഥമാണ്. കുടുംബജീവിത വെല്ലുവിളികളെ എല്ലായ്പ്പോഴും വിജയകരമായി അതിജീവിക്കുവാൻ എല്ലാ ദമ്പതികൾക്കും കഴിഞ്ഞെന്നുവരികയില്ല. എന്നാൽ ദൈവവചനാടിസ്ഥാനത്തിലും പ്രാർത്ഥനയോടെയും താഴ്മയോടെയും ദമ്പതികൾ ദൈവാത്മാവിനു കീഴടങ്ങിയാൽ പ്രശ്നങ്ങൾ തീർച്ചയായും പരിഹരിക്കപ്പെടും. അതിനുള്ള അഭിനി വേശം, ആവശ്യബോധം, സ്വയശോധനയ്ക്കുള്ള മനസ്സൊരുക്കം, താഴുവാനും ക്ഷമിക്കുവാനുമുള്ള സന്മനസ്സ്, ദീർഘക്ഷമ ഇവയുള്ള ദമ്പതികൾക്ക് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ തീർച്ചയായും സാധിക്കും. പ്രശ്നസങ്കീർണ്ണത എത്ര കഠിനമായാലും അത് യേശു വിനു സമർപ്പിച്ച്, യേശുവിൽ ആശ്രയിച്ച്, വചനാനുസരണം മുന്നോട്ടു പോയാൽ പ്രശ്നങ്ങൾ വഴിമാറും.

വളരെ എളുപ്പത്തിൽ പരിഹരിക്കാവുന്ന പല കുടുംബജീവിത പ്രശ്നങ്ങളും ബന്ധുക്കളുടെ തെറ്റായ സ്വാധീനത്താലോ സഹകരണ മില്ലായ്മ നിമിത്തമോ പിരിച്ചിലിലേക്കും ഉപേക്ഷണത്തിലേക്കും എത്തിയിട്ടുണ്ട്. തക്കസമയത്ത് ഇടപെടേണ്ട മാതാപിതാക്കളോ സഭാ മൂപ്പന്മാരോ ശുശ്രൂഷകന്മാരോ ഒക്കെ നിശബ്ദരും കാഴ്ചക്കാരുമായി തീർന്നുപോകുന്നതിനാൽ ഹൃദയങ്ങൾ കഠിനപ്പെടുകയും സമയം വൈകുകയും ആർക്കും ഒന്നും ചെയ്യാൻ കഴിയാത്ത സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിച്ചേരുകയും ചെയ്യുന്നുണ്ട്. കുടുംബജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സഭകളിൽ പഠിപ്പിക്കാതിരിക്കുകയാൽ സഭാംഗങ്ങൾക്ക് വചനാനുസൃതമായ കുടുംബജീവിതപാഠങ്ങൾ മിക്കസ്ഥലങ്ങളിലും ലഭിക്കാതെയിരിക്കുന്നു എന്നതും വലിയ ഒരു ന്യൂനതയായി അവശേഷിക്കുന്നു.

പുതിയനിയമ വിശ്വാസികളെ സംബന്ധിച്ചിടത്തോളം പിരിച്ചിലും ഉപേക്ഷണവും തികച്ചും വചന വിരുദ്ധമായതും ജഡികവും ദൂര വ്യാപകമായ ദുരന്തങ്ങൾ വിളിച്ചു വരുത്തുന്നവയും ആകുന്നു എന്ന് നിസ്സംശയം പറയാൻ സാധിക്കും.

ഡോ. ഉമ്മൻ ഫിലിപ്പ് എഴുതിയ
**"സന്തുഷ്ട ക്രിസ്തീയ കുടുംബം"**
എന്ന പുസ്തകത്തിൽ നിന്നും

എന്നാൽ അങ്ങനെ തറപ്പിച്ചു പറയാനും പഠിപ്പിക്കാനും ചുമതലപ്പെട്ടവർ പലരും മുന്നോട്ടു വരുന്നില്ല എന്നത് ദുഃഖകരമായ ഒരു സത്യമായി അവശേഷിക്കുന്നു. ആകയാൽ പിരിച്ചിലിനും ഉപേക്ഷണത്തിനും താത്പര്യപ്പെടുന്ന അനേകരും സത്യം അറിയുന്നില്ല. അറിയുന്നവർ തന്നെ പലരും സത്യത്തെ കോട്ടി മാട്ടാനായി നിയമജ്ഞരെ സമീപിക്കുകയും അവരുടെ ആലോചനയ്ക്ക് വിധേയരായി ദൈവവചനം വിലക്കിയിരിക്കുന്ന കോടതികളിലേക്ക് പോകുകയും ചെയ്യുന്നത് എത്രയും ദുഃഖകരം എന്നു പറയട്ടെ. ശാരീരിക പ്രശ്നങ്ങൾ ഉണ്ടായാൽ വൈദ്യസഹായം തേടാൻ വെമ്പൽ കൊള്ളുന്നവരായ ദൈവമക്കൾ ഒരു ആത്മീയ പ്രശ്നം കുടുംബത്തി ലുണ്ടായാൽ ആത്മീയസഹായം തേടേണ്ടിടത്ത് പരിഹാരത്തിനായി പോകാൻ മനസ്സു വെയ്ക്കാത്തത് നമ്മുടെ ദുരഭിമാനം മൂലവും നമ്മുടെ ഭാഗത്തു കുറ്റം ഒന്നും ഇല്ല എന്നു സ്ഥാപിക്കാനുമാണോ?

**വേർപിരിയൽ**

വിവാഹത്തെക്കുറിച്ചുള്ള ദൈവികപ്രമാണം നാം ആദ്യമായി കാണുന്നത് ഉല്പത്തി 2:24ൽ ആകുന്നു. അവിടെ ദമ്പതികളെ ഒരു പുതിയ വ്യക്തിയായി ദൈവം പറ്റിച്ചേർക്കുന്ന മഹനീയചിത്രം നമുക്കു കാണാം. ഇതിനെ വേർപിരിക്കുവാൻ ദൈവം ആർക്കും അനുവാദം കൊടുത്തിട്ടില്ല എന്ന് കർത്താവായ യേശുക്രിസ്തു മത്തായി 19:6–ൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിരിക്കയാണ്. മാത്രമല്ല, സൃഷ്ടിയുടെ ആരംഭം മുതൽ ഇത് ഇങ്ങനെ തന്നെ ആകുന്നു എന്നും ക്രിസ്തു മത്തായി 19:8ൽ വ്യക്തമായി പറഞ്ഞിരിക്കുന്നു. ഈ ദൈവിക കല്പനയെ മറികടന്ന് മാനുഷിക കോടതിയെ സമീപിക്കാൻ ദൈവ മക്കൾക്ക് യാതൊരു അവകാശവുമില്ല എന്ന് നാം ഓർത്തിരിക്കണം. ഇക്കാര്യത്തിൽ നിയമജ്ഞരോടോ അവിശ്വാസികളായ മനഃശാസ്ത്ര ജ്ഞന്മാരോടോ ആലോചന ചോദിക്കാനും വിശ്വാസികൾക്കു വ്യക്തമായ വിലക്ക് ദൈവവചനത്തിൽ ഉണ്ട് (സങ്കീർത്തനം 1:1).

വിശ്വാസികളുടെ വിവാഹത്തിൽ ഉഭയസമ്മതം ഒരു പ്രധാനഭാഗ മാണല്ലോ. ഇതിൽ ദമ്പതികളും ദൈവവും പങ്കാളികളാണ്. ഈ ഉഭയസമ്മതം ത്രിയേക ദൈവത്തിന്റെ നാമത്തിലും സന്നിധിയിലുമാണ് രേഖപ്പെടുത്തുന്നത്. ദൈവം ഇതിൽ നിന്നും പിൻമാറുകയില്ല എന്ന് വചനം പറയുന്നു. മറ്റു രണ്ടു ഉഭയസമ്മത പങ്കാളികൾക്കും ഇതിൽ നിന്നും പിൻമാറാൻ അധികാരവും ദൈവം നല്കിയിട്ടില്ല. ദൈവത്തിന്റെ സമയം ആകുമ്പോൾ ദൈവം അവരെ ഒരാളിന്റെ മരണംമൂലം വേർപിരിക്കുന്നതുവരെ അവർ ഒരു ശരീരമായി ജീവിക്കണം എന്നു ദൈവം നിയമിച്ച് കല്പിച്ചിരിക്കുന്നു.

ദമ്പതികളിൽ ഒരാളിന്റെ പൂർണ്ണ സമ്മതമില്ലാതെയോ സമ്മർദ്ദ

ത്തിന് വശംവദരായോ ചിലപ്പോൾ ചിലർ വിവാഹിതരായി എന്നു വരാം. വിവാഹത്തിനുമുമ്പ് ഇക്കാര്യത്തിൽ നീക്കുപോക്കുണ്ടാക്കാനുള്ള സാഹചര്യം പ്രാർത്ഥനയോടെ കണ്ടുപിടിക്കാൻ എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഉഭയസമ്മതശേഷം പിരിയാനുള്ള സ്വാതന്ത്ര്യം ഇല്ല തന്നെ. അപ്പോൾ പിന്നെ ലഭിച്ച പങ്കാളിയെ ദൈവം അനുവദിച്ചു തന്നു എന്ന ബോധ്യത്തിൽ പ്രാർത്ഥനയോടെയും സമർപ്പണത്തോടെയും ഒന്നിച്ച് മുന്നോട്ടു പോകയല്ലാതെ പിൻതിരിയുവാൻ ദൈവവചനം നമ്മെ ഒരു നിലയിലും അനുവദിക്കുന്നില്ല. വേർപിരിയൽ, പിരിഞ്ഞു താമസിക്കൽ, ഉപേക്ഷണം ഇവയെല്ലാം ശത്രുവിന്റെ ദുഷ്ട ആലോചനയുടെ വിവിധ വേഷങ്ങൾ തന്നെ.

ഉപേക്ഷണം ദൈവം വെറുക്കുന്ന ഒരു ഭയങ്കര പാപം ആകുന്നു (മലാഖി. 2:1018). ഇതിനെ ദ്രോഹം (വാക്യം 10), മ്ലേച്ഛത (വാക്യം 11), അവിശ്വസ്തത (വാക്യം 14), സുബോധമില്ലായ്മ (വാക്യം 15) ഈ പദങ്ങളാലാണ് ദൈവം വിവക്ഷിക്കുന്നത്. എന്നുമാത്രമല്ല, ഇത്തരം ഭയങ്കര സാഹസം കാണിക്കാതെ സൂക്ഷിച്ചുകൊള്ളണമെന്ന മുന്നറിയിപ്പും ദൈവം നല്കുന്നുണ്ട്. ആകയാൽ വാസ്തവമായി ദൈവത്തെ അറിയുന്നവരും വീണ്ടെടുക്കപ്പെട്ടവരുമായ ദൈവജനത്തിനും അവരുടെ ഉപദേഷ്ടാക്കന്മാർക്കും സഭകൾക്കും ദൈവം വെറുക്കുന്ന ഈ ഭയങ്കര പാപത്തെ ലഘൂകരിക്കാൻ ഒരിക്കലും അവകാശമില്ല.

മോശെയുടെ കാലത്തും ഇന്നും എന്തുകൊണ്ട് ഉപേക്ഷണം നടക്കുന്നു? കർത്താവ് പറഞ്ഞത് (മത്തായി 19:8) ഗൗരവമേറിയ ആത്മീയ പ്രശ്നങ്ങളായ കഠിനഹൃദയം, തെറ്റായ ലക്ഷ്യങ്ങൾ, ജഡികാഗ്രഹങ്ങൾ ഇവയുടെ സമ്മിശ്രമായ വേലിയേറ്റം കൊണ്ടാണ് ദൈവമക്കൾ എന്നു പറയുന്നവർ പോലും ഉപേക്ഷണത്തിലേക്കു പോകുന്നതെന്നാണ്. കഠിനഹൃദയത്തിനും ജഡികാഗ്രഹങ്ങൾക്കും പാപപങ്കിലമായ ലക്ഷ്യങ്ങൾക്കും പരിഹാരം പാപബോധം, ഏറ്റുപറച്ചിൽ, അനുതാപം, യഥാസ്ഥാപനം ഇവയാലുള്ള തിരിച്ചുവരവ് മാത്രമാണ്. അനുതാപത്തോടെ തിരിച്ചുവരാനുള്ള വാതിൽ ക്രിസ്തു നമുക്കായി തുറന്നിട്ടിരിക്കുന്നു. പങ്കാളിയോടും കുടുംബത്തോടുമുള്ള നമ്മുടെ മനോഭാവം ക്രിസ്തുവിന്റെ വചനത്താൽ ശുദ്ധീകരിക്കപ്പെടേണ്ടിയിരിക്കുന്നു. എങ്കിൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

രക്ഷിക്കപ്പെടാത്ത ഒരു പങ്കാളി, മറ്റെ വ്യക്തിയുടെ രക്ഷാനുഭവം എന്ന കാരണം കൊണ്ടുമാത്രം ആ വ്യക്തിയെ ഉപേക്ഷിക്കാൻ ഭാവിച്ചാൽ എന്തു ചെയ്യണം? വചനം പറയുന്നത് അവിശ്വാസി, വിശ്വാസിയായ പങ്കാളി മൂലം രക്ഷിക്കപ്പെടാൻ തന്നാലാവുന്നതെല്ലാം ദീർഘക്ഷമയോടെ ചെയ്യണം എന്നും സ്വന്ത ഇഷ്ടപ്രകാരം അവിശ്വാസിയായ പങ്കാളിയെ വിട്ടുപോകരുതെന്നുമാണ് (1 കൊരിന്ത്യർ 7:12-17), എങ്കിലും

ഉപേക്ഷിക്കപ്പെട്ടുപോയാൽ പങ്കാളി ജീവിച്ചിരിക്കുന്നിടത്തോളം കാലം വിശ്വാസിയായ ഉപേക്ഷിക്കപ്പെട്ട പങ്കാളിക്ക് പുനർവിവാഹത്തിന് വചനാനുമതി ഇല്ല എന്നു നാം ഓർക്കേണ്ടതാണ്. എന്നാൽ ഈ വചനസത്യം, രണ്ടുപേരും രക്ഷിക്കപ്പെടുന്നതിനുമുമ്പ് വിവാഹിതരായി ത്തീർന്ന പങ്കാളിയെക്കുറിച്ച് മാത്രമാണ് എന്നു നാം സൂക്ഷിച്ചു മനസ്സിലാക്കി, ഒരു പുതിയ "ഉപേക്ഷണ-പുനർവിവാഹ" വാതിൽ തുറക്കാനായി ശ്രമിക്കരുത് എന്നും ഓർക്കേണ്ടതാണ്. അവിശ്വാസി യായ പങ്കാളി ഉപേക്ഷിച്ചിട്ട് പുനർവിവാഹം ചെയ്താൽ അത് വിശ്വാ സിക്ക് പുനർവിവാഹത്തിന് അനുവാദം ആകുന്നില്ല (1 കൊരിന്ത്യർ 7:19) എന്നോർക്കണം.

വൈവാഹിക പ്രശ്നങ്ങൾക്ക് വേദപുസ്തകം നിർദ്ദേശിക്കുന്ന പരിഹാരം നിരന്നുകൊള്ളുക എന്നതാണ് (1 കൊരിന്ത്യർ 1:11). ഇത് ഒരു ആത്മീയ പരിഹാരമാർഗ്ഗമാണ്. ധാരാളം ദൈവകൃപ ഉള്ളവർക്കു മാത്രമെ നിരക്കുവാൻ സാധിക്കുകയുള്ളു. ഇതിന് ദൈവസന്നിധിയിലും തമ്മിൽത്തമ്മിലും ഉള്ള ഏറ്റുപറച്ചിൽ, അനുതാപം, യഥാസ്ഥാപനം എന്നിവ അത്യന്താപേക്ഷിതമാണ്. പ്രാർത്ഥന വചനധ്യാനം, ശുശ്രൂഷകന്മാരുടെ ആലോചനയും സഹായവും, പരിശുദ്ധാത്മ സഹായം ഇതൊക്കെ നിരപ്പിന് അത്യന്താപേക്ഷിതമാണ്. സഹവിശ്വാ സികളുടെയും വിശ്വാസികളായ ബന്ധുജനങ്ങളുടെയും ശക്തമായ പ്രാർത്ഥനയുടെ പിൻബലവും അകമഴിഞ്ഞ പ്രോത്സാഹനവും ഈ നിരപ്പിന്റെ ശുശ്രൂഷയ്ക്ക് അത്യന്തം സഹായകരമാണ്.

ഒരു പങ്കാളി മദ്യം, മയക്കുമരുന്ന്, മാധ്യമങ്ങൾ, മാനസികരോഗം തുടങ്ങിയവയിൽ കുടുങ്ങിക്കിടന്നാൽ, മറ്റെ പങ്കാളിക്ക് എന്തുചെയ്യാൻ കഴിയും? ഇത് വെല്ലുവിളികൾ നിറഞ്ഞ ഒരു സാഹചര്യം തന്നെ എന്നതിന് സംശയമില്ല. ധാരാളം പ്രാർത്ഥിക്കുക, ചികിത്സിക്കാനായി ശ്രമിക്ക, കുടുംബാംഗങ്ങളുടെ ആഴമായ സഹകരണം ആവശ്യപ്പെടുക എന്നീ മാർഗ്ഗങ്ങളാണ് പൊതുവിൽ അവലംബിക്കാവുന്നത്. അതോടൊത്ത് സഭാശുശ്രൂഷകന്മാരുടെ കൗൺസലിംഗും പ്രാർത്ഥനാ സഹകരണവും സഹായകമായിരിക്കും. ജീവനു ഭീഷണി ഉണ്ടാകാമാകുന്ന സാഹചര്യം ഉണ്ടെങ്കിൽ മാതാപിതാക്കൾ കൂടെ വന്ന് താമസിക്കയോ, പ്രശ്നമുള്ള വ്യക്തിയുടെ ചികിത്സ അവർ ഏറ്റെടു ക്കുകയോ ചെയ്താൽ രോഗം ഭേദമാകുന്നതിനനുസരിച്ച് കുടുംബ ജീവിതം തുടരാൻ സാധിക്കുകയും ചെയ്തു കൂടായ്കയില്ല. സഭാ ശുശ്രൂഷകന്മാരുടെയും കുടുംബാംഗങ്ങളുടെയും സഹകരണത്തിലും ആലോചനയിലും കൂടി പരിഹാരം കണ്ടുപിടിച്ച് മുന്നോട്ടു പോകുക യല്ലാതെ ഉപേക്ഷണം എന്ന മാർഗ്ഗം അവലംബിക്കാൻ ഇക്കാരണ ത്താലും വചനം നമ്മെ അനുവദിക്കുന്നില്ല. പങ്കാളിക്ക് ശാരീരികരോഗം

വന്നാൽ ചികിത്സിക്കുകയും പ്രാർത്ഥിക്കുകയും സഹിക്കുകയുമല്ലാതെ മറ്റു മാർഗ്ഗങ്ങൾ ഇല്ലല്ലോ. അതുപോലെ ബുദ്ധിമുട്ടുണ്ടാക്കുന്ന എല്ലാ മാനസിക സ്വഭാവപെരുമാറ്റ മേഖലകളിലും ഇതേ മാനദണ്ഡം ഉപയോഗിക്കുകയല്ലാതെ വിശ്വാസികൾക്ക് വചനം വേറെ വഴി ഒന്നും പറഞ്ഞു തന്നിട്ടില്ല.

**ഡോ. ഉമ്മൻ ഫിലിപ്പ്, തിരുവനന്തപുരം**

---

*പേജ് 18 ന്റെ തുടർച്ച (ദൈവകൃപ ലഭിച്ച മറിയ)*

മറിയയുടെ മക്കളിൽ യാക്കോബും യൂദായും എല്ലാം ആദിമ സഭയിലെ ശക്തരായ അഭിഷിക്തരായിരുന്നു. അവരിൽ മറിയയുടെ സ്വാധീനം കുറച്ചു കാണുവാൻ സാധ്യമല്ല. യേശുവിനെ കാണുവാൻ യേശുവിന്റെ സഹോദരന്മാരുമായി വരുന്ന മറിയയെ ബൈബിളിൽ കാണാം. ഉയരത്തിൽ നിന്നും ശക്തിക്കായി കാത്തിരിക്കുമ്പോൾ അവിടെ മറിയയെയും മക്കളെയും കാണാം. എത്ര നല്ല മാതാവ്! സ്വന്തം കുഞ്ഞുങ്ങളെ ദൈവരാജ്യത്തിനായി ഒരുക്കിയെടുക്കുന്ന മറിയ ഇന്നത്തെ സ്ത്രീകളിൽ നിന്നും വേറിട്ട് നില്ക്കുന്നു. മക്കളെ ഒരുമിച്ചി രുത്തി പ്രാർത്ഥിപ്പിക്കാതെ ആരാധനയ്ക്ക് ഒരുമിച്ച് കൂട്ടിക്കൊണ്ടു പോകാതെ ലോകത്തിലേക്ക് അയയ്ക്കുന്ന, ട്യൂഷന് വിടുന്ന ഇന്നത്തെ സ്ത്രീകൾക്ക് (മാതാപിതാക്കന്മാർ) തീർച്ചയായും മറിയ ഒരു അപവാദം തന്നെയാണ്.

സഹോദരിമാരേ, എല്ലാ തലമുറകളും മറിയയെ ഭാഗ്യവതിയായി വാഴ്ത്തുന്നത് വെറുതെ അല്ലല്ലോ. മറിയയിൽ ഉദിച്ച ദൈവകൃപയാണ് കാരണം. രക്ഷാകരമായ ദൈവകൃപ. പ്രപഞ്ച മോഹവും ഭക്തികേടും വർജ്ജിച്ചിട്ട് നീതിയോടും സുബോധത്തോടും ദൈവഭക്തിയോടും കൂടി ജീവിക്കുവാൻ അഭ്യസിപ്പിക്കുന്ന ദൈവകൃപ. ആ ദൈവകൃപ എല്ലാ സഹോദരിമാരിലും ഉദിച്ചു എങ്കിൽ വെള്ളത്തിലെ കുമിള പോലുള്ള ഈ ലോകസുഖങ്ങളിൽ, പദവികളിൽ അഹങ്കരിക്കാതെ താഴ്മയോടും വിനയത്തോടും നമുക്ക് ദൈവത്തോട് അടുത്ത് ചെല്ലാം. ദൈവത്തെ ദൈവവചനത്തെ നന്നായി കേൾക്കുന്നവർ ആകാം. കേൾക്കുന്നതിനെ വിശ്വസിക്കുന്നവരാകാം. വിശ്വസിക്കുന്നതിനായി സ്വജീവിതത്തെ അർപ്പിക്കുന്നവർ ആയിത്തീരാം. ഇരുണ്ട ലോകത്തിന് അറുതി വരുത്തിയ യേശുവിനെ ലോകത്തിന് നല്കിയ മറിയയെപ്പോലെ ഇന്നത്തെ ഇരുട്ട് മാറുവാൻ യേശുവിനെ നമുക്ക് ലോകത്തിന് നല്കാം. മറിയ യോസേഫിന് നല്ല ഭാര്യയായിരുന്നു. മക്കൾക്ക് നല്ലൊരു മാതാവായിരുന്നു. ക്രിസ്തുവിന് നല്ല അനുയായി ആയിരുന്നു. മറിയ നമുക്ക് നല്ലൊരു മാതൃകയാണ്.

**മോളിക്കുട്ടി ചാക്കോ, കണ്ണൂർ**

# സൈപ്രസ് ജയിലിൽ ഒരു പട്ടക്കാരൻ ജീവപര്യന്തം

മൂന്ന് ഇന്ത്യാക്കാരെ സൈപ്രസിലെ നിക്കോസ്യ സെൻട്രൽ ജയിലിൽ കണ്ടത് അപ്രതീക്ഷിതമായിരുന്നു. പ്രധാനമന്ത്രി ഇന്ദിരാഗാന്ധി കൊല്ലപ്പെട്ട ശേഷം ഇന്ത്യയിൽ പഞ്ചാബ് ഒരു പ്രശ്നസംസ്ഥാനമായി മാറിയിരിക്കുകയാണെന്ന് പത്രക്കാരെല്ലാം പറയുന്നു. 3 സർദാർജിമാരെ യാണ് ആ ജയിലിൽ കണ്ടത്. സിംഗപ്പൂരിൽ തുണിവ്യവസായം നടത്തുന്ന ഒരു സിംഗ്, ദുബായിൽ സെയിൽസ് മാനേജരായ വേറൊരു സിംഗ്, ഡൽഹിയിലെ ഒരു ബാർമാൻ മറ്റൊരു സിംഗ്. ഇവർ മൂന്നും ലാർനാക്ക വിമാനത്താവളത്തിൽ എങ്ങനെയെത്തി? ഒരു വഞ്ചനക്കേസിൽ പിടിക്ക പ്പെട്ട് മൂന്നു സിങ്കുകാർ ജയിലിൽ എത്തിയിട്ടുണ്ട്' പ്രിസൺ ഡയറക്ടർ എന്നോടു പറഞ്ഞു. (I have three sink) സിംഗ് എന്നത് സൈപ്രസുകാർ ഉച്ചരിക്കുന്നത് സിങ്ക് എന്നാണെന്നു ഞാൻ മനസ്സിലാക്കി. അവർ തികച്ചും ശക്തമായ കാവലിലാണ്.

മധ്യധരണിക്കടലും ചുറ്റുപാടുകളും ലോകചരിത്രഗതിയെ നിയന്ത്രിക്കുന്നതാണല്ലോ. ആ കടലിലെ ഒരു ദ്വീപാണ് സൈപ്രസ്. ജനസംഖ്യ 3 ലക്ഷം. തുർക്കികൾ 1972 ലെ ആക്രമണത്തിൽ സൈപ്രസിന്റെ ഒരു ഭാഗം കൈക്കലാക്കിയിരിക്കുകയാണ്. അവർ കൈ വശപ്പെടുത്തിയ ഭാഗത്ത് മുസ്ലീമുകളാണ് അധികമെങ്കിൽ ഇപ്പുറത്ത് ക്രൈസ്തവരാണ്. ഗ്രീക്ക് ഓർത്തഡോക്സ് 95 ശതാനവും. ഇരു ഗവൺമെന്റുകളുടെയും കാവൽ ഭടന്മാർ അതിർത്തിയിൽ നിലയുറപ്പി ച്ചിട്ടുണ്ട്. സൈപ്രസ് ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്. രാജ്യത്തിന്റെ പ്രധാന മായ വരുമാനം വിനോദസഞ്ചാരികളിൽ നിന്നാണ്. ഉരുളക്കിഴങ്ങ് വളരെ യധികം കയറ്റി അയയ്ക്കുന്നുണ്ട്. ഒപ്പം മുന്തിരി, ഓറഞ്ച്, ഒലിവ് എന്നി വയും, സൈപ്രസിൽ പോകുന്നതിനു എനിക്ക് വലിയ താത്പര്യ മായിരുന്നു. 'കുപ്രൊസ് ദ്വീപിന്റെ മറപറ്റി ഓടിയതായി പൗലൊസിന്റെ മിഷനറി യാത്രകളിൽ വായിക്കുന്നുണ്ട്. പംഫോസ്, സലാമിസ് എന്നീ പട്ടണങ്ങളെയും വിവരിച്ചിട്ടുണ്ടല്ലോ. ഈ സ്ഥലങ്ങൾ കാണുന്നത് ഒരു പദവിയായും ഞാൻ കരുതി. സലാമിസിൽ പോകുവാൻ കഴിഞ്ഞില്ല. അത് തുർക്കി കൈവശപ്പെടു ത്തിയ പ്രദേശത്താണ്. പംഫോ സിൽ പോയി അവിടെവച്ച് പൗലൊസിനെ ഒന്നു കുറയെ 40 അടി അടിച്ച സ്ഥലമാണ്. ഒരു

ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ
**"തടവുകാരെ തേടി"**
എന്ന പുസ്തകത്തിൽ നിന്നും

വലിയ തൂണിൽ കെട്ടിയിട്ടാണടിച്ചത്. ആ തൂണ് ഇന്നും ഉണ്ട് (Pillar of Paul).

സൈപ്രസിൽ ഞങ്ങൾ പോയത് ജയിലിനുള്ളിലെ സെമിത്തേരിയിലേക്കാണ് (imprisoned tomb). 1955 മുതൽ 59 വരെ സൈപ്രസ് ബ്രിട്ടീഷുകാരിൽനിന്നും സ്വാതന്ത്ര്യം നേടുന്ന പോരാട്ടത്തിലായിരുന്നു. കൊളോണിയലിസത്തിന്റെ മരണമണി അവിടെയും മുഴങ്ങി. സൈപ്രസ് ജനത സട കുടഞ്ഞെഴുന്നേറ്റു. രാജ്യം സ്വതന്ത്രമായി. ആർച്ചു ബിഷപ്പ് മക്കാറിയോസ് ആദ്യത്തെ പ്രസിഡന്റായി. 18 വയസ്സിനും 32 വയസ്സിനും മദ്ധ്യേ പ്രായമുള്ള 13 തടവുകാർ അന്നു ജയിലിലുണ്ടായിരുന്നു. അന്നത്തെ ബ്രിട്ടീഷ് ഭരണകൂടം അവരെ തൂക്കിക്കൊന്നു. ജയിലിനുള്ളിൽ തന്നെ അടക്കി. അവരുടെ സ്വന്തക്കാരോ ബന്ധുക്കളോ ആരും ശവംപോലും കാണാതെ. ആ സെമിത്തേരിയിൽ പോയി ഒരു റീത്തുവയ്ക്കുന്നതിനുമുള്ള പദവിയും എനിക്കുണ്ടായി. ശാന്തതയും ധീരതയും രാജ്യസ്നേഹവും തങ്ങി നില്ക്കുന്ന ആ സെമിത്തേരി ഭിത്തിയുടെ വാതിൽക്കൽ എഴുതിയത് ഞാൻ വായിച്ചു.

"തടവിൽ തൂക്കിക്കൊന്ന ധീരന്മാരായ
നിങ്ങളുടെ മുമ്പിൽ രാജ്യം ആദരവുകളർപ്പിക്കുന്നു".

ഉള്ളിലെ ഭിത്തിയിൽ മറ്റൊരു ചുവരെഴുത്ത്. "ധീരന്മാർക്ക് മരണമില്ല". ആ സെമിത്തേരിയുടെ തൊട്ടടുത്ത മുറിയിലാണ് കഴുമരം. സൈപ്രസിലെ തൂക്കുമുറി ഉപയോഗിച്ചിട്ട് വർഷങ്ങളായി. കൊലക്കയറിടുന്നതിനായി നിർത്തുന്ന പ്ളാറ്റ്ഫോം രണ്ടായി അകന്നു നില്ക്കുന്നു. വർഷങ്ങളായി അത് പ്രവർത്തിക്കുന്ന ലിവർ ഹാൻഡിലിന് ഗ്രീസിട്ടിട്ടില്ല. സൈപ്രസിൽ തൂക്കിക്കൊല അവസാനിപ്പിച്ചിരിക്കുന്നു പ്രിസൺ ഡയറക്ടർ എന്നോട് സന്തോഷത്തോടെ പറഞ്ഞു.

സൈപ്രസിലെ ജയിലിൽ ഇന്ന് പുതുതായി ഒരു ഇരുനില ബ്ലോക്കുകൂടി പണിയുകയാണ്. ഞാൻ അവിടെ ചെല്ലുമ്പോൾ 230 തടവുകാരെയും, സ്ത്രീകളടക്കം. എന്നാൽ പുതിയ കെട്ടിടം 400 പേർക്കുള്ള കപ്പാസിറ്റിയുള്ളതാണ്. വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ മൂലം കൂടുതൽ സ്ഥലസൗകര്യം ക്രമീകരിക്കേണ്ടിവരുന്ന സാഹചര്യത്തിൽ എനിക്കും അയ്യോ പാവം' തോന്നി. സാമ്പത്തിക സുരക്ഷിതത്വവും തൊഴിലവസരങ്ങളും മനുഷ്യനെ നല്ലവനാക്കുന്നില്ല. പ്രിസൺ ഡയറക്ടറുമായി കുറ്റകൃത്യങ്ങളെക്കുറിച്ചും തിരുത്തൽ ശ്രമങ്ങളെക്കുറിച്ചും വളരെ വിശദമായി സംസാരിക്കുവാനിടയായി. പ്രിസൺ ഫെലോഷിപ്പിന്റെ വിവിധ ശ്രമങ്ങളിൽ അദ്ദേഹം തത്പരനായിരിക്കുന്നു. തിരുത്തൽ ശ്രമങ്ങളിലെ പുതിയ മേഖലയിൽ വെളിച്ചം വീശുന്ന നിലയിൽ ഒരു സിംപോസിയം ജയിലിലെ ഓഫീസർമാർക്കായി

നടത്തുവാൻ അദ്ദേഹം എന്നെ ക്ഷണിക്കുകയും ചെയ്തു. ജസ്റ്റിസ് മിനിസ്ട്രിയിലെ ഡയറക്ടർ ജനറൽ, അവിടുത്തെ ജയിൽ വിഭാഗത്തെക്കുറിച്ച് വിശദമായി ഒരു പഠനം നടത്തി റിപ്പോർട്ടു നല്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതിനാൽ, ജയിലിലെ ഭരണകാര്യങ്ങളിലെ വിശദവിവരങ്ങളെ കൂലങ്കഷമായി ഞാൻ അന്വേഷിക്കുകയും നോട്ടുകുറിക്കുകയും ചെയ്തുകൊണ്ടിരുന്നു.

വളരെ പെട്ടെന്ന് വിദേശികളായ തടവുകാരുടെ ബ്ലോക്കിന്റെ ചുമതല വഹിക്കുന്ന ഓഫീസർ ഡയറക്ടറുടെ മുമ്പിൽ ആഗതനായി. എന്നെ പരിചയപ്പെടുത്തിയ ഉടനെ മുഖത്തടിക്കുന്നവണ്ണം അയാൾ പറഞ്ഞു. എനിക്ക് 3 ഇന്ത്യൻ തടവുകാരുണ്ട്. അവരോടും ഒന്നു സംസാരിക്കാമോ? അല്പം കട്ടിയാണവർ. എന്നിലെ രാജ്യസ്നേഹം ഉണർന്നു. എങ്കിലും നാട്ടുകാരൻ ഇവിടെയും ജയിലിൽ വരുന്നല്ലോ എന്നോർത്തു. 'മച്ചിപ്പശുവിനെ കൂടു മാറ്റി കെട്ടിയാൽ പ്രസവിക്കാറില്ലല്ലോ?' എന്നുള്ള കാര്യം ഓർത്തു. മിനിറ്റുകൾക്കുള്ളിൽ സർദാർജിമാർ മൂന്നുപേരും ഞങ്ങളുടെ മുമ്പിലെത്തി. പ്ലീസ് സിറ്റ് ഡൗൺ' എന്നുള്ള ഡയറക്ടറുടെ ആജ്ഞയിൽ ഞാൻ അമ്പരന്നു. എടാ പോടാ എന്നു തടവുകാരെ ഉദ്യോഗസ്ഥന്മാർ വിളിക്കുന്നതു കേട്ടു പരിചയിച്ച എനിക്ക് ഒരു ജയിൽ ഉദ്യോഗസ്ഥൻ തടവുകാരനെയും അവന്റെ വ്യക്തിത്ത്വത്തെയും മാനിക്കുന്നതുകണ്ട് അഭിമാനം തോന്നി. നമ്മുടെ നാട്ടിലെ പോലീസ് സ്റ്റേഷനിലും ജയിലിലും എത്തുന്നവരുടെ സ്ഥിതി അനുഭവിച്ചവർക്കറിയാം. ഇവരോട് അവരുടെ ഭാഷയിൽ സംസാരിക്കുവാൻ എനിക്കനുവാദം ലഭിച്ചതോടെ ഹിന്ദിയിൽ അര മണിക്കൂർ സംസാരിച്ചു. അവരുടെ കുറ്റകൃത്യങ്ങൾ അവർ വിവരിച്ചു. കുറ്റം ചെയ്ത് ജയിലിൽ കയറി ജീവിതം പാഴാക്കാതെ ദൈവത്തിലാശ്രയിച്ച് ജീവിതം അർത്ഥവത്തും ഭദ്രവുമാക്കാൻ ഞാനവരെ ഉപദേശിച്ചു. അവർക്കായി പ്രാർത്ഥിച്ചു.

മയക്കുമരുന്നുകൾ കടത്തുന്നതിലും കൈകാര്യം ചെയ്യുന്നതിലും കള്ളഡോളർ നോട്ടുകേസിൽ പിടിക്കപ്പെട്ടവരുമായി വിദേശികളായ 5 സ്ത്രീകളാണ് ജയിലിലുണ്ടായിരുന്നത്. മിക്കവാറും എല്ലാ ആധുനിക സൗകര്യങ്ങളും ഇവിടുള്ളവർക്കുണ്ട് എന്ന് ലേഡി ഓഫീസർ വിവരിച്ചു തന്നു.

3 മണി മുതൽ 4 മണി വരെ എനിക്കു കാണുവാനുണ്ടായിരുന്നത് ജയിൽ സന്ദർശിക്കുന്ന രണ്ടു യുവാക്കന്മാരെ ആയിരുന്നു. അവരുടെ സംഘടന രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. അതിന്റെ പേര് വളരെ രസകരമായി എനിക്കു തോന്നി. സെന്റ് ഒനേസിമസ്. ഒനേസിമോസ് എന്ന തടവുകാരൻ പൗലൊസിന്റെ കൂടെ ജയിലിൽ കിടക്കുവാ

നിടയായി. ആ സാഹചര്യത്തിൽ ഒനേസിമോസ് യേശുക്രിസ്തുവിനെ അറിയുവാനും വിശ്വസിക്കുവാനും കാരണമായി. ജയിൽ മോചിതനായ ഒനേസിമോസിനെ അവന്റെ യജമാനായിരുന്ന ഫിലമോന്റെ അടുക്കലേക്ക് അയയ്ക്കുമ്പോൾ കൊടുത്തയയ്ക്കുന്ന കത്താണല്ലോ ഫിലമോന്റെ ലേഖനം. ഒനേസിമോസ് മുമ്പേ നിനക്കു പ്രയോജനമില്ലാത്തവനായിരുന്നു. ഇപ്പോഴോ എനിക്കും നിനക്കും പ്രയോജനമുള്ളവൻ. (The unprofitable is made profitable - the social aspect of prison ministry) മുമ്പെ അവൻ എന്നെ വിട്ടുപോയിരുന്നു. ഇതാ സദാ കാലത്തും തിരികെ ലഭിച്ചിരിക്കുന്നു. (Commitment and Return to (1) മുമ്പെ ദാസനായിരുന്നു. ഇപ്പോൾ പ്രിയ സഹോദരൻ. (the spiritual aspect of prison ministry) എന്നെ സ്വീകരിക്കുന്നതുപോലെ നീ അവനെ സ്വീകരിക്കണം (giving dignity to prisoners), പൗലൊസ് ഒനേസിമോസിനെ ഫിലമോന്റെ വീട്ടിലെ സഭയിലേക്ക് പരിചയപ്പെടുത്തുകയും ചെയ്യുന്നു. Repenting prisoner introduced to the Church). ഈ കാര്യങ്ങളെല്ലാം കണക്കിലെടുത്തു രൂപീകൃതമായ ഒന്ന് സെന്റ് ഒനേസിമോസ് എന്ന ക്ലബ് എന്ന് അതിന്റെ അദ്ധ്യക്ഷനായ സാവാഡ് സ്റ്റാലിയാനോ പറഞ്ഞപ്പോൾ 'നാം കൂട്ടുവേലക്കാർ' എന്നു പറഞ്ഞ് ഗ്രീക്ക് ഓർത്തഡോക്സ് സഭയിലെ അംഗമായ ആ പ്രിയ സഹോദരന് ഞാൻ കൈകൊടുത്ത് ബന്ധം ഉറപ്പിച്ചു. അന്നു വൈകിട്ടത്തെ സൈപ്രസ് രീതിയിലുള്ള അത്താഴം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടൊപ്പമായിരുന്നു.

4 മണി മുതൽ 5 മണിവരെ എനിക്ക് വളരെ പ്രധാനമായ ഒരു കൂടിക്കാഴ്ചയുണ്ടായിരുന്നു. റവ. ഫാ. പപ്പൽ ഹരാലംബാർ പേതൃവുമായിട്ടുള്ളതായിരുന്നു അത്. 4 മണിക്ക് 2 മിനിറ്റു മുമ്പ് അദ്ദേഹം ഡയറക്ടറുടെ മുറിയിൽ എത്തിയതോടെ ഒരു പട്ടക്കാരനെ അവിടുത്തെ ചില ഉദ്യോഗസ്ഥന്മാർ സ്വീകരിക്കുകയും മാനിക്കുകയും ചെയ്യുന്ന വിധം അത്ഭുതത്തോടും സന്തോഷത്തോടും ഞാൻ മനസ്സിലാക്കുകയായിരുന്നു. ഞങ്ങളന്യോന്യം പരിചയപ്പെട്ടു. ജോനാക്കിസ് ക്രിസ്റ്റോഫി എന്നൊരാൾ തർജ്ജമയ്ക്കായുണ്ടായിരുന്നു. പേതൃ (പത്രൊസ്) പട്ടക്കാരനായിട്ട് 30 വർഷം കഴിഞ്ഞു. തുർക്കികൾ കൈയ്യടക്കിയ പ്രദേശത്തുനിന്നും അഭയാർത്ഥിയായി വന്നയാളാണ് പത്രൊസ് അച്ചൻ. ഇടവക നഷ്ടപ്പെട്ട അദ്ദേഹം കഴിഞ്ഞ 12 വർഷമായി സൈപ്രസ് ജയിലിലെ പള്ളിയിൽ വികാരി അച്ചനാണ്. അനേക അനുഭവങ്ങൾ തനിക്കു പറയുവാനുണ്ടായിരുന്നു. 70 കഴിഞ്ഞ വാർദ്ധക്യത്തിലും തികച്ചും ആരോഗ്യവാനായിരുന്നു. ആഴ്ചയിൽ 3 പ്രാവശ്യം ജയിലിൽ വരുന്നുണ്ട്. ഞായറാഴ്ച പള്ളി ആരാധന. ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും ബൈബിൾ ക്ലാസും പ്രാർത്ഥന കൂട്ടവും. എനിക്ക്

വലിയ സന്തോഷമായി അച്ചനെ കണ്ടത്. ഒന്നിച്ചു പ്രാർത്ഥിക്കാമെന്ന് പറഞ്ഞു. അച്ചൻ ഗ്രീക്കിലും ഞാൻ മലയാളത്തിലും പ്രാർത്ഥിച്ചു. ഞങ്ങൾ ഒന്നിച്ചു നിന്ന് ജയിലിൽ വച്ച് ഒരു ഫോട്ടോയും എടുത്തു. ഈ പ്രവർത്തനത്തിൽ സന്തോഷമാണോ ഉള്ളത് എന്ന് ഞാൻ ചോദിച്ചപ്പോൾ പൊട്ടി വിടർന്ന ചിരിയോടെ പറയുകയാണ്. ഈ കോൺഗ്രിഗേഷനിലൂടെ ഞാൻ ദൈവത്തെ സേവിക്കും, ജീവപര്യന്തം.

**ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം**

---

## Quest 92-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
2. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
3. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
4. ജോയമ്മ സാംസൺ, കൊല്ലം
5. എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ
6. ലീല കെ.വി. പുളിയ്ക്കൽ കവല, കോട്ടയം
7. ഡെയ്സി ബിജോയ് ജോൺസ്, ഇടപ്പള്ളി, കൊച്ചി
8. ജോളി ഷാജി, കരുവാറ്റ, അടൂർ
9. ലൈസ സാമുവേൽ, മുംബൈ
10. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം
11. കുഞ്ഞുമോൾ ഈപ്പച്ചൻ, ഉള്ളൂർ, തിരുവനന്തപുരം
12. സൂസൻ തോമസ്സ്, പട്ടം, തിരുവനന്തപുരം
13. ലിസി ജേക്കബ്, പാലമറ്റം, മല്ലപ്പള്ളി.
14. സി.എം. മാമ്മൻ, കേന്ദ്രീയ വിഹാർ, മുംബൈ
15. മേഴ്സി ജേക്കബ്, ഓമല്ലൂർ, പത്തനംതിട്ട
16. അനുഗ്രഹ ജെ., വെങ്ങാനൂർ, തിരുവനന്തപുരം
17. സിനി ബിനു, വെണ്ണിക്കുളം
18. അന്നമ്മ എബ്രഹാം, പെരുമന്നൂർ, കൊച്ചി

**ക്വെസ്റ്റ് 92-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ** **ക്വിസ് മാസ്റ്റർ**

*"നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാനത്രെ തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു"*
*(1 പത്രൊസ് 2:9)*

BIBLE QUIZ

## ഈ ലക്കം Quest 93 – ലെ ചോദ്യങ്ങൾ യോശുവയുടെ പുസ്തകത്തിൽ നിന്നുമാണ്

1. യോശുവ യാഗപീഠം നിർമ്മിച്ച പർവ്വതം ഏത്?
2. അനാക്യമല്ലന്മാരിൽ അതിമഹാൻ ആര്?
3. ബേഥേൽ എന്നതിന്റെ മറ്റൊരു പേരെന്ത്?
4. സേയീർ പർവ്വതം അവകാശമായി കിട്ടിയത് ആർക്ക്?
5. എഫ്രയീം മലനാട്ടിലുള്ള സങ്കേതനഗരം ഏത്?
6. യഹോവ തന്നേ ദൈവം എന്നതിന് ഇത് നമ്മുടെ മദ്ധ്യേ സാക്ഷി എന്ന് പറഞ്ഞ് യാഗപീഠത്തിനിട്ട പേരെന്ത്?
7. ആഖാൻ കൊള്ളവസ്തു കുഴിച്ചിട്ടത് എവിടെ?
8. എവിടെ വച്ചാണ് യോശുവ യിസ്രായേൽ മക്കളെ പരിച്ഛേദന ചെയ്തത്?
9. കനാൻ ദേശവും യെരിഹോപട്ടണവും ഒറ്റുനോക്കുവാൻ യോശുവ എത്ര പേരെയാണ് അയച്ചത്?
10. എഫ്രയീമ്യരുടെ ഇടയിൽ ഊഴിയവേല ചെയ്തു പാർത്തുവന്ന ജാതി ഏത്?
11. യോസേഫിന്റെ മക്കൾ ആരെല്ലാം?
12. എവിടെയൊക്കെയുള്ള അനാക്യരെയാണ് യോശുവ സംഹരിച്ചത്?
13. ഗിലെയാദിന്റെ അപ്പന്റെ പേര് എന്ത്?
14. 'നിങ്ങളെത്തന്നേ ശുദ്ധീകരിപ്പിൻ' ആര് ആരോട് പറഞ്ഞു?
15. ന്യായപ്രമാണപുസ്തകം ധ്യാനിക്കേണ്ടത് എപ്പോഴെല്ലാമാണ്?
16. യിസ്രായേൽ മക്കളുടെ അവകാശത്തിൽ ലേവ്യർക്കു കിട്ടിയ പട്ടണങ്ങൾ എത്ര?
17. യോർദ്ദാനിൽ നിന്നെടുത്ത പന്ത്രണ്ട് കല്ല് യോശുവ നാട്ടിയതെവിടെ?
18. യിസ്രായേലിനുവേണ്ടി യുദ്ധം ചെയ്തത് ആര്?
19. യഹോവയുടെ കീർത്തി ദേശത്ത് എല്ലായിടവും പരന്നത് എങ്ങനെ?
20. കാലേബ് തന്റെ മകൾ അക്സയെ ഭാര്യയായി കൊടുത്തത് ആർക്ക്?

## പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 93 - ന്റെ ഉത്തരങ്ങൾ 2024 ഫെബ്രുവരി 29 - നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ, വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാട്ട്സ് ആപ്പ് നമ്പർ** : **9087144349**

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :

Good News Educational Society,
P.O. Box 2501, M.C.P.O. Trivandrum - 695011



# യോഹന്നാൻ ഏബ്രഹാം -ഒരു അനുസ്മരണം

**ജോർജ് ജോൺ, തിരുവനന്തപുരം**

ഇളം മഞ്ഞ നിറത്തിലുള്ള സിൽക്ക് ജൂബ ധരിച്ച വെളുത്ത് മെലിഞ്ഞ ഒരു ചെറുപ്പക്കാരൻ. ആരെയും ആകർഷിക്കുന്ന രൂപവും വേഷവും. സുന്ദരമായ മുഖത്ത് ഒരു ചെറുപുഞ്ചിരി ഒളിപ്പിച്ചു വച്ചിരിക്കുന്നതായി തോന്നും, അതായിരുന്നു 1958-ൽ ഞാൻ പരിചയപ്പെട്ട യോഹന്നാൻ ഏബ്രഹാം സാർ.

കീക്കൊഴൂർ നോയൽ മെമ്മോറിയൽ യു.പി. സ്കൂളിൽ ഹെഡ്മാസ്റ്ററായി ഞാൻ ചാർജ്ജെടുക്കുന്നത് ആ വർഷം ജൂൺ മാസത്തിലാണ് പത്തനംതിട്ട ഡിസ്ട്രിക്റ്റിൽ റാന്നിക്കും കോഴഞ്ചേരിക്കുമിടയിൽ പമ്പയാറിന്റെ തീരത്തായി സ്ഥിതി ചെയ്യുന്ന ശാന്തസുന്ദരമായ ഒരു ഗ്രാമമായിരുന്നു കീക്കൊഴൂർ. കൊല്ലം ഡിസ്ട്രിക്റ്റിൽ പെൺകുട്ടികൾക്കുവേണ്ടിയുള്ള ഏക ഇംഗ്ലീഷ് സ്കൂൾ എന്ന നിലയിലാണ് പ്രസ്തുത സ്കൂൾ ആരംഭിച്ചതെങ്കിലും പിന്നീടത് പത്തനംതിട്ട ഡിസ്ട്രിക്റ്റിലെ ഒരു സാധാരണ യു.പി. സ്കൂളായി മാറി. പതിനാല് അദ്ധ്യാപകരാണ് അവിടുണ്ടായിരുന്നത്. യോഹന്നാൻ ഏബ്രഹാം സാർ ആ സ്കൂളിലെ മലയാളം അദ്ധ്യാപകനായിരുന്നു. ഭാഷയിലുള്ള നൈപുണ്യം കൊണ്ടും ആരെയും ആകർഷിക്കുന്ന രീതിയിലുള്ള സംഭാഷണരീതി കൊണ്ടും സൗമ്യമായ ഇടപെടൽ മൂലവും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സ്നേഹാദരങ്ങൾക്ക് അദ്ദേഹം തികച്ചും പാത്രീഭൂതനായിരുന്നെന്നു മനസ്സിലാക്കാൻ എനിക്ക് അധികനാളുകൾ വേണ്ടിവന്നില്ല. അദ്ദേഹത്തിന്റെ ഇളയ സഹോദരി അന്നമ്മയും ആ സ്കൂളിലെ അദ്ധ്യാപികയായിരുന്നു.

1960-61 സ്കൂൾ വർഷത്തിൽ ഞാൻ ബി.എഡിനു പോയിരുന്ന അവസരത്തിലാണ് യോഹന്നാൻ ഏബ്രാഹം സാർ കീക്കൊഴൂർ വിടുന്നത്. അതിനുശേഷം ഞങ്ങൾ തമ്മിൽ കാണുന്നത് 36 വർഷങ്ങൾക്കുശേഷം തിരുവനന്തപുരത്തുവച്ചാണ്. ഞങ്ങളുടെ രണ്ടു പേരുടെയും ജീവിതത്തിൽ ഇതിനോടകം ഒട്ടനവധി കാര്യങ്ങൾ സംഭവിച്ചുകഴിഞ്ഞിരുന്നു. എന്നാൽ ദീർഘനാളുകൾക്കു ശേഷമുള്ള ഞങ്ങളുടെ കൂടിക്കാഴ്ച അവിസ്മരണീയമായിരുന്നു. ഞങ്ങളെ കുടുംബമായി അദ്ദേഹത്തിന്റെ തിരുവനന്തപുരത്തെ വസതിയിലേക്കു ക്ഷണിക്കയും സല്ക്കരിക്കയും ചെയ്തതു കൂടാതെ താൻ എഴുതിയ "സ്വർഗ്ഗം ഒരു യാഥാർത്ഥ്യം - നരകവും" എന്ന പുസ്തകത്തിന്റെ ഒരു പ്രതി ഞങ്ങൾക്കു സമ്മാനിക്കയും ചെയ്തു.

1997-ൽ തിരുവനന്തപുരത്ത് താമസമുറപ്പിക്കാൻ ഞങ്ങൾക്കു സാധിച്ചത് ഒരു നിയോഗമായി ഞാൻ കരുതുന്നു. അതിനുശേഷമാണ് എന്റെ സഹോദരൻ ഡോ. ചാൾസ് ജോണിന്റെ നേതൃത്വത്തിലുള്ള 'ഗുഡ്ന്യൂസ് മിനിസ്ട്രി'യുമായി യോഹന്നാൻ ഏബ്രഹാം സാറിനുണ്ടായിരുന്ന അഭേദ്യമായ ബന്ധം ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചത്. പ്രസ്തുത മിനിസ്ട്രിയുടെ കീഴിലുള്ള ഗുഡ്ന്യൂസ് കറസ്പോണ്ടൻസ് സ്കൂളിന്റെ പല പരിപാടികളിലും അദ്ദേഹം സംബന്ധിക്കുകയും പ്രസംഗിക്കയും ചെയ്തിട്ടുള്ളതു കൂടാതെ 'ഗുഡ്ന്യൂസ് അപ്ഡേറ്റ്', 'ക്രൈസ്തവ വനിത' എന്നീ പ്രസിദ്ധീകരണങ്ങളിൽ ഈടുറ്റതും ആനുകാലികവുമായ അനേക ലേഖനങ്ങൾ എഴുതുകയും ചെയ്തിട്ടുണ്ടെന്നുള്ള യാഥാർത്ഥ്യം ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. യോഹന്നാൻ ഏബ്രഹാം സാറിന്റെ വേർപാട് തിരുവനന്തപുരം ഗുഡ്ന്യൂസ് മിനിസ്ട്രീയെ സംബന്ധിച്ചിടത്തോളം ഒരു തീരാനഷ്ടമാണ് എന്ന് പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

പ്രിയ ദൈവദാസന്റെ ദേഹവിയോഗത്തിൽ തിരുവനന്തപുരം ഗുഡ്ന്യൂസ് മിനിസ്ട്രിയിലും അനുബന്ധ പ്രവർത്തനങ്ങളിലും വ്യാപൃതരായിരിക്കുന്ന എല്ലാ ദൈവമക്കളും, വിശിഷ്യാ ഡോ. ചാൾസ് ജോൺ, മിസിസ്സ് മേരി അഞ്ചൻ, ജോർജ് ജോൺ എന്നിവരും കുടുംബാംഗങ്ങളും സാറിന്റെ മക്കളായ എബി ജോൺസൻ, ഷൈനി, ഷേർളി, ഷീജ എന്നിവരുടെയും കുടുംബാംഗങ്ങളുടെയും വലിയ ദുഃഖത്തിൽ പങ്കുചേരുകയും ഞങ്ങൾ ഏവരുടെയും അകമഴിഞ്ഞ അനുശോചനം രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു.

**Printed at Grace Printers, Muttada, Trivandrum (Mob: 9447059891)**
**for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11**